2023
AUGUST
07
MONDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## പ്രവാസി നിക്ഷേപ വളർച്ചയിൽ മുരടിപ്പ്

**കൊച്ചി:** കേരളത്തിന്റെ പ്രവാസി നിക്ഷേപ വളർച്ചാ നിരക്കിൽ കാര്യമായ ഇടിവുണ്ടാകുന്നതിൽ ആശങ്ക. കേരളത്തിലേക്കുള്ള പ്രവാസി നിക്ഷേപ വളർച്ചാ നിരക്ക് ഒറ്റയക്കത്തിലേക്ക് ഒതുങ്ങുന്ന പ്രവണത തുടരുകയാണ്. സംസ്ഥാന തല ബാങ്കിങ് സമിതിയുടെ കണക്കു പ്രകാരം അവസാനപാദങ്ങളിലെ എൻആർ ഡിപ്പോസിറ്റ് വളർച്ചാ നിരക്ക് 4%, 8% എന്നിങ്ങനെയാണ്. 2021 മാർച്ചിൽ 2,22,629 കോടിയായിരുന്ന നിക്ഷേപം, 2022ൽ 2,38,409 കോടിയായി ഉയർന്നു. എന്നാൽ 2023 മാർച്ചിൽ 2,40,975 കോടി മാത്രം. വളർച്ച നാമമാത്രം. പലിശ നിരക്കിനേക്കാൾ താഴേയ്ക്ക് നിക്ഷേപ വളർച്ചാനിരക്ക് താഴ്ന്നു.

വിദേശ മലയാളികളിൽ നിന്നുള്ള പണംവരവ് ഉയരാത്തത് വലിയ ആശങ്കയുണ്ടാക്കുന്നുവെന്ന് സംസ്ഥാന ബാങ്കേഴ്സ് സമിതി യോഗത്തിൽ സർക്കാർ, റിസർവ് ബാങ്ക്, ബാങ്കിങ് പ്രതിനിധികൾ വിലയിരുത്തി. രാജ്യത്തിന്റെ ജിഡിപിയിൽ പോലും നിർണായക സ്വാധീനമുള്ള കേരളത്തിലേക്കുള്ള വിദേശികളുടെ പണമയയ്ക്കൽ ഉയരാത്തതു സംസ്ഥാനത്തിന്റെ വരുമാനത്തെയും ബാധിക്കും. എൻആർ നിക്ഷേപത്തിന്റെ കുറവ് മലയാളികളുടെ പണംചെലവഴിക്കലിൽ കാര്യമായ ഇടിവുണ്ടാക്കുന്നതിനാലാണിത്. കേരളത്തിലെ ആളുകളിൽ നിന്നുള്ള നിക്ഷേപം 9% വളർച്ച നേടിയപ്പോഴും എൻആർ നിക്ഷേപത്തിൽ 4% മാത്രം വളർച്ചയുള്ള പ്രവണത കഴിഞ്ഞ സാമ്പത്തിക വർഷത്തിലുമുണ്ടായി.

മുൻപ് ഗൾഫ് മേഖലയിൽ നിന്നുള്ള പണമൊഴുക്കായിരുന്നു കൂടുതലെങ്കിൽ സ്വദേശിവൽക്കരണത്തിനും കോവിഡിനും ശേഷം അമേരിക്കയും യൂറോപ്പും മുന്നിലായി. എന്നാൽ അമേരിക്കയിലുമെല്ലാമുണ്ടായ സാമ്പത്തിക മുരടിപ്പ്, ഉയർന്ന പണപ്പെരുപ്പം എന്നിവ പണമയയ്ക്കലിനെ സാരമായി ബാധിച്ചു. റഷ്യയുക്രെയ്ൻ യുദ്ധത്തെ തുടർന്നുണ്ടായ സാഹചര്യങ്ങളും പണം വരവിനെ ബാധിച്ചിട്ടുണ്ട്. വിദേശത്തേക്ക് പോകുന്നവരുടെ എണ്ണത്തിൽ കുതിച്ചുചാട്ടം ഇക്കാലയളവിലുണ്ടായെങ്കിലും ഭൂരിപക്ഷവും വിദ്യാർഥികളായതിനാൽ നാട്ടിലേക്ക് പണമയയ്ക്കാനുള്ള സാഹചര്യമില്ല.

## വാട്സാപ് അനിമേറ്റഡ് അവതാർ കൂടുതൽ പേരിലേക്ക്

സ്വന്തം രൂപത്തോട് സാദൃശ്യമുള്ള അനിമേറ്റഡ് കഥാപാത്രത്തെ സൃഷ്ടിച്ച് വാട്സാപ് സ്റ്റിക്കർ ആയി ചാറ്റുകളിൽ ഉപയോഗിക്കാൻ അവസരം നൽകുന്ന അവതാർ ഓപ്ഷൻ കൂടുതൽ പേരിലേക്ക് എത്തി. വാട്സാപ് സെറ്റിങ്സിൽ നിന്ന് അവതാർ എന്ന ഓപ്ഷൻ തിരഞ്ഞെടുത്ത് 'ക്രിയേറ്റ് യുവർ അവതാർ' ലിങ്ക് വഴി സെൽഫി എടുത്ത് ഓരോരുത്തർക്കും സ്വന്തം മുഖത്തോട് രൂപസാദൃശ്യമുള്ള അവതാർ സൃഷ്ടിക്കാം.

ഇത് വാട്സാപ് സ്റ്റിക്കറുകൾക്കു തുല്യമായി ചാറ്റുകളിൽ ഉപയോഗിക്കുകയും ചെയ്യാം. കഴിഞ്ഞ ഡിസംബർ മുതൽ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച സേവനമാണ് ഇപ്പോൾ വ്യാപകമാക്കിയത്.

# ലാപ്ടോപ് ഇറക്കുമതിക്കു നിയന്ത്രണം; സൈബർ സുരക്ഷ ലക്ഷ്യമെന്ന് കേന്ദ്രം

**ന്യൂഡൽഹി:** സൈബർ സുരക്ഷാ മുൻകരുതലിന്റെ ഭാഗമായാണ് ലാപ്ടോപ് ഇറക്കുമതിക്ക് പ്രധാനമായും നിയന്ത്രണം ഏർപ്പെടുത്തിയതെന്നാണ് ഐടി മന്ത്രാലയവൃത്തങ്ങൾ ഇന്നലെ നൽകിയ വിശദീകരണം.



എന്നാൽ ഒരു കമ്പനിയുടെ ഇറക്കുമതിക്ക് ലൈസൻസ് നൽകുകയോ നിഷേധിക്കുകയോ ചെയ്യുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന ചോദ്യത്തിന് ഇത്തരം കാര്യങ്ങൾ രഹസ്യമാണെന്നായിരുന്നു ഒരു ഉന്നത ഉദ്യോഗസ്ഥന്റെ പ്രതികരണം. ഉത്തരവിറങ്ങിയ ആദ്യ ദിവസം തന്നെ 2 കമ്പനികൾ അപേക്ഷിച്ചതായാണ് വിവരം. നടപടിക്രമങ്ങൾ കൃത്യമായി പിന്തുടരുന്ന കമ്പനികൾക്ക് 5 മിനിറ്റ് മുതൽ അരദിവസത്തിനുള്ളിൽ ലൈസൻസ് നൽകുമെന്നാണ് ഉറപ്പ്. ഇതെത്രത്തോളം പ്രായോഗികമെന്ന് വ്യക്തമല്ല.

ആഭ്യന്തര ഉൽപാദനം വർധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഉൽപാദനബന്ധിത ആനുകൂല്യ പദ്ധതിയിൽ അപേക്ഷകരായി കമ്പനികളെ കിട്ടാത്തതുകൊണ്ടാണ് നിയന്ത്രണം ഏർപ്പെടുത്തിയതെന്ന വാദവും കേന്ദ്രം തള്ളി. 44 കമ്പനികൾ പോർട്ടലിൽ റജിസ്റ്റർ ചെയ്തെന്നും എച്ച്പി അടക്കം 2 കമ്പനികൾ അപേക്ഷാനടപടിയുമായി മുന്നോട്ടുപോവുകയാണെന്നും മന്ത്രാലയം വ്യക്തമാക്കി.

ലാപ്ടോപ്പുകൾ, പഴ്സനൽ കംപ്യൂട്ടറുകൾ, ടാബ്ലെറ്റുകൾ തുടങ്ങിയവയ്ക്ക് ഏർപ്പെടുത്തിയ ഇറക്കുമതി നിയന്ത്രണം നടപ്പാക്കുന്നത് ഒരു മാസത്തോളം നീട്ടിയേക്കും. അപ്രതീക്ഷിതമായി ഇറങ്ങിയ ഉത്തരവ് വിപണിയിൽ കാര്യമായ പ്രത്യാഘാതമുണ്ടാക്കുമെന്ന വിമർശനമുയർന്നിരുന്നു. നടപ്പാക്കലിന് സാവകാശം നൽകുമെന്ന് കേന്ദ്ര ഐടി സഹമന്ത്രി രാജീവ് ചന്ദ്രശേഖർ ട്വീറ്റ് ചെയ്തത്. വാണിജ്യമന്ത്രാലയം ഇതുസംബന്ധിച്ച ഉത്തരവ് വൈകാതെയിറക്കും.

# ലാപ്ടോപ്: കൂടുതൽ ബ്രാൻഡുകൾ ഇന്ത്യയിൽ നിർമിക്കും

**കൊച്ചി:** ലാപ്ടോപ്പും ടാബും കംപ്യൂട്ടറും ഇറക്കുമതി ചെയ്യാൻ ലൈസൻസ് വേണമെന്ന കേന്ദ്ര നിർദേശം തുടക്കത്തിൽ പ്രീമിയം വിദേശ ബ്രാൻഡുകളുടെ ലഭ്യത കുറയ്ക്കാം, ഇറക്കുമതി ചുങ്കം വന്നാൽ വില കൂടാം. ഭാഗങ്ങൾ ഇറക്കുമതി ചെയ്യുന്നതിനു തടസ്സമില്ലാത്തതിനാൽ ഇവിടെ കൂട്ടിയോജിപ്പിക്കാം. ഇന്ത്യ വൻ വിപണിയായതിനാൽ ബഹുരാഷ്ട്ര കമ്പനികൾ അതിലേക്കു നീങ്ങുമെന്നും അങ്ങനെ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നുമാണ് അനുമാനം.ലോക്കലായി നിർമിക്കുന്നവയ്ക്കു നിലവാരമുണ്ടെങ്കിൽ ഇതൊരു സുവർണാവസരമാണ്.

ലഭ്യതയും വിലയുമാണ് ലാപ്ടോപ് വിൽപനയിൽ പ്രധാനം. മറ്റുരാജ്യങ്ങളെ പ്രത്യേകിച്ച് ചൈനയെ ആശ്രയിക്കുന്നത് നല്ലതല്ല. ഭാഗങ്ങൾ ഇവിടെ കൂട്ടിയോജിപ്പിക്കാമെന്നു വരുമ്പോൾ ആ വഴിക്ക് അനേകം ഫാക്ടറികൾ വരും.ലെനോവൊ ഇപ്പോൾ തായ്‌വനിൽ അസംബിൾ ചെയ്ത് ഇന്ത്യയിൽ ഇറക്കുമതി ചെയ്യുന്നതിനു പകരം ഇന്ത്യയിൽ നിർമിക്കും. ഡെല്ലും എച്ച്പിയും ഇന്ത്യയിൽ നിർമിക്കുന്നു.

ഇവിടെ നിർമാണം ആരംഭിക്കുന്നതുവരെയുള്ള ഇടക്കാലത്ത് കംപ്യൂട്ടറുകൾക്ക് ക്ഷാമം ഉണ്ടാവരുത്. ലഭ്യത കുറഞ്ഞാൽ വില കൂടും. ലൈസൻസ് എടുത്ത് ഇറക്കുമതി ചെയ്യുന്നവർക്ക് ചുങ്കം മിതമായിരിക്കണം.

വൻ വിലക്കയറ്റത്തിന് ചുങ്കം ഇടയാക്കിയാൽ ഐടി കയറ്റുമതിയെ ബാധിക്കും. 16 ലക്ഷം കോടി രൂപയാണ് ഇന്ത്യയുടെ ഐടി കയറ്റുമതി.

ഇന്ത്യയിൽ സെമികണ്ടക്ടർ നിർമാണം സാധ്യമാക്കാൻ ശ്രമിക്കുന്ന കാലമാണ്. കംപ്യൂട്ടറുകൾ കൂടുതലായി നിർമിക്കുന്ന സ്ഥിതി വന്നാൽ സെമികണ്ടക്ടറുകൾക്ക് ഇവിടെ തന്നെ വിപണി ലഭിക്കും. അസംബ്ലിങ് മാത്രമായി തുടങ്ങുന്നത് വളരെ വേഗം ഫാക്ടറി നിർമാണത്തിലേക്കു നീങ്ങും.





# കെഎസ്ഇബി ഉദ്യോഗസ്ഥർ കർഷകന്റെ 400 വാഴ വെട്ടിനശിപ്പിച്ചു

**മൂവാറ്റുപുഴ :** ടവർ ലൈനിനു കീഴിൽ കൃഷി ചെയ്തിരുന്ന 400 വാഴ കെഎസ്ഇബി മുന്നറിയിപ്പില്ലാതെ വെട്ടിനശിപ്പിച്ചു. ഓണത്തിനു വിളവെടുക്കാൻ പാകത്തിനു കുലച്ചുനിന്ന വാഴയാണിത്. വാരപ്പെട്ടി ഇളങ്ങവം കണ്ടമ്പുഴ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്കു സമീപം മൂലമറ്റത്തുനിന്നുള്ള 220 കെവി ടവർ ലൈനിനു കീഴിൽ കാവുംപുറത്ത് തോമസിന്റെ വാഴത്തോട്ടമാണു നശിപ്പിച്ചത്. 220 കെവി ലൈനിനു കീഴെ വാഴ ഉൾപ്പെടെ ഹ്രസ്വകാല വിളകൾ കൃഷിചെയ്യാൻ അനുമതിയുള്ളപ്പോഴാണ് അര കിലോമീറ്റർ മാത്രം അകലെ താമസിക്കുന്ന തോമസിനെ അറിയിക്കാതെ കൃഷി നശിപ്പിച്ചത്. ടവർ ലൈനിനു കീഴിൽ നിശ്ചിത അകലം ഉറപ്പാക്കി വീടുവയ്ക്കാൻ പോലും അനുമതി നൽകുന്നുണ്ട്. ഉയരം വയ്ക്കുന്ന മരങ്ങൾ പാടില്ലന്നേ നിയമമുള്ളൂ. തോമസും മകൻ അനീഷും ചേർന്നാണു കൃഷി നടത്തിയിരുന്നത്. 4 ലക്ഷം രൂപയുടെ നഷ്ടമുണ്ട്.

മൂലമറ്റത്തു നിന്നെത്തിയ ലൈൻ മെയിന്റനൻസ് സബ് ഡിവിഷൻ (എൽഎംഎസ്) ഓഫിസിലെ ഉദ്യോഗസ്ഥരാണു കഴിഞ്ഞ വെള്ളിയാഴ്ച വാഴ വെട്ടിയത്. കെഎസ്ഇബി വാരപ്പെട്ടി ഓഫിസിലെ ഉദ്യോഗസ്ഥർക്ക് ഇതേക്കുറിച്ച് അറിവുണ്ടായിരുന്നില്ല.

ശനിയാഴ്ച താലൂക്ക് വികസന സമിതി യോഗത്തിൽ വാരപ്പെട്ടി പഞ്ചായത്ത് പ്രസിഡന്റ് ഇക്കാര്യം അറിയിച്ചപ്പോൾ മാത്രമാണു മൂവാറ്റുപുഴയിലെ കെഎസ്ഇബി ഉന്നതോദ്യോഗസ്ഥർ പോലും സംഭവം അറിഞ്ഞത്. നഷ്ടപരിഹാരം ലഭിക്കുന്നതിനു പരിമിതികളുണ്ടെന്നും വ്യക്തമാക്കി.

# കൊല്ലം, ചെങ്കോട്ട പാത വൈദ്യുതീകരണം; ട്രാക്ഷൻ സബ്സ്റ്റേഷൻ കമ്മിഷൻ ചെയ്തു

പുനലൂർ: കൊല്ലം ചെങ്കോട്ട പാതയിൽ സമ്പൂർണ വൈദ്യുതീകരണത്തിനായി ഒന്നരവർഷം കൊണ്ട് പുനലൂർ റെയിൽവേ സ്റ്റേഷൻ യാർഡിനു സമീപം 7 കോടിയോളം വിനിയോഗിച്ച് നിർമിച്ച ട്രാക്ഷൻ സബ്സ്റ്റേഷൻ ഇന്നലെ വിജയകരമായി കമ്മിഷൻ ചെയ്തു. കൊല്ലം പെരിനാട് സബ്സ്റ്റേഷനിൽ നിന്നു വൈദ്യുതി എത്തിച്ച് 25 കെവി സപ്ലൈ ചെയ്താണു വൈദ്യുതി ലൈനിലേക്ക് കടത്തിവിട്ടാണ് സബ് സ്റ്റേഷൻ കമ്മിഷൻ ചെയ്തത്. കെഎസ്ഇബിയിൽ നിന്നു 110 കെവി വൈദ്യുതി എത്തിച്ചു 25 കെവി സപ്ലൈയിൽ നിന്നാണു ഭാവിയിൽ ലൈനിൽ കൊടുക്കേണ്ടത്.

എന്നാൽ കെഎസ്ഇബിയുടെ വൈദ്യുതി ഇതുവരെ എത്തിയിട്ടില്ല. വൈദ്യുതി ലഭ്യമായാൽ തെന്മല മുതൽ കിളകൊല്ലൂർ വരെയുള്ള ഭാഗത്തേക്കാണ് ഇവിടെ നിന്നു വൈദ്യുതി നൽകുന്നത്. 6 മാസത്തിനുള്ള പുനലൂർ ചെങ്കോട്ട പാതയിലെ വൈദ്യുതീകരണം പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഡപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ എൻജിനീയർ എം.എസ്.റോഹന്റെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥരാണ് ഇന്നലെ കമ്മിഷൻ നടപടികൾക്ക് നേതൃത്വം നൽകിയത്. സീനിയർ സെക്ഷൻ എൻജിനീയർ ജയേഷ് അടക്കമുള്ള ഉദ്യോഗസ്ഥരും പങ്കെടുത്തു..




സബ്സ്റ്റേഷനിലേക്ക് ടു ഫേസ് വൈദ്യുതി എത്തിക്കുന്നതിന്റെ ഭാഗമായി കെഎസ്ഇബിയുടെ നേതൃത്വത്തിൽ മരാമത്ത് വകുപ്പ്, മൈനർ ഇറിഗേഷൻ, ദേശീയപാതാ വിഭാഗം, കേരള റോഡ് ഫണ്ട് ബോർഡ് എന്നിവയുടെ അധികൃതർ രണ്ടു മാസം മുൻപ് ഇവിടെ പരിശോധന നടത്തിയിരുന്നു. മലയോര ഹൈവേയുടേയും ദേശീയപാതയുടേയും അടിയിലൂടെ റെയിൽവേ സബ്സ്റ്റേഷനിലേക്ക് ഭൂഗർഭ കേബിൾ സ്ഥാപിക്കുന്നതിന്റെ സാങ്കേതിക കാര്യങ്ങൾ പരിശോധിക്കുന്നതിനായിരുന്നു ഇത്. കെഎസ്ഇബിയുടെ പുനലൂർ പവർഹൗസ് ജംക്ഷനിലുള്ള 110 കെവി സബ്സ്റ്റേഷനിൽ നിന്നു മലയോര ഹൈവേ വഴിയാണ് ഭൂഗർഭ കേബിൾ സ്ഥാപിക്കുന്നത്.

പുനലൂർ കെഎസ്ഇബി സബ്സ്റ്റേഷനിൽ നിന്നു ഭൂഗർഭ കേബിളുകൾ വഴി വൈദ്യുതി എത്തിക്കുന്നതിന് 28.75 കോടി രൂപ റെയിൽവേ അടയ്ക്കണം. ഇതിനുള്ള കത്ത് കഴിഞ്ഞ ആഴ്ച റെയിൽവേയ്ക്കു ലഭിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ സെൻട്രൽ ഓർഗനൈസേഷൻ ഫോർ റെയിൽവേ ഇലക്ട്രിഫിക്കേഷനിലെ ഉദ്യോഗസ്ഥരാണ് പണം അടയ്ക്കുന്നത്.2021 നവംബറിൽ റെയിൽവേയുടെ സബ് സ്റ്റേഷൻ നിർമാണത്തിനുള്ള പ്രവൃത്തികൾ റെയിൽവേ ആരംഭിച്ച അന്നുതന്നെ ഇവിടേക്ക് വൈദ്യുതി എത്തിക്കുന്നതിനുള്ള അടങ്കൽ തയാറാക്കി സമർപ്പിച്ചിരുന്നെങ്കിലും കെഎസ്ഇബിയും റെയിൽവേയും തമ്മിലുള്ള ശീതസമരം പദ്ധതി അനിശ്ചിതമായി വൈകിക്കുകയായിരുന്നു.



## പൊതുവിദ്യാഭ്യാസ മേഖലയിലെ ചെലവ് ഭാവിയുടെ മൂലധന നിക്ഷേപം: മന്ത്രി കെ രാജൻ

**തൃശ്ശൂർ:** പൊതുവിദ്യാഭ്യാസ മേഖലയിൽ സർക്കാർ ചെലവഴിക്കുന്ന തുക ഭാവിയിലേക്കുള്ള മൂലധന നിക്ഷേപമാണെന്ന് റവന്യൂ വകുപ്പ് മന്ത്രി കെ രാജൻ. ജില്ലാ പഞ്ചായത്തിന് കീഴിലുള്ള വിദ്യാലയങ്ങളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ ആദരിക്കുന്ന സമാദരണം 2023 ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി.

സംസ്ഥാനത്ത് പൊതു വിദ്യാഭ്യാസം പുത്തനുണർവിലാണെന്നും സർക്കാരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഒരുമിച്ച് വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുകയാണെന്നും മന്ത്രി പറഞ്ഞു. ഉയർന്ന ജോലികളിലേക്ക് കുട്ടികളെ എത്തിക്കുന്നതിനോടൊപ്പം മക്കളെ നല്ല മനുഷ്യരാക്കാനും രക്ഷിതാക്കൾ ലക്ഷ്യമാക്കണം. സാമൂഹ്യ പ്രതിബദ്ധതയുള്ള സമൂഹമായി വിദ്യാർത്ഥികളെ വളർത്തിയെടുക്കണമെന്നും മന്ത്രി പറഞ്ഞു.

തൃശ്ശൂർ ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് പി കെ ഡേവിസ് മാസ്റ്റർ അധ്യക്ഷനായി. ജില്ലാ കളക്ടർ വി ആർ കൃഷ്ണതേജ മുഖ്യാതിഥിയായി. വിദ്യാഭ്യാസ ഡയറക്ടർ എസ് ഷാജി പദ്ധതി വിശദീകരിച്ചു.

ചടങ്ങിൽ എസ് എസ് എൽ സി, പ്ലസ് ടു, വി എച്ച് എസ് ഇ പരീക്ഷകളിൽ മുഴുവൻ വിഷയങ്ങളിലും എ പ്ലസ് നേടിയ കുട്ടികളെയും സമ്പൂർണ വിജയം നേടിയ സ്കൂളുകളെയും മന്ത്രി ആദരിച്ചു. സംസ്ഥാന അധ്യാപക അവാർഡ് നേടിയ കെ. എച്ച് സാജൻ, കെ എസ് സരസു എന്നീ അധ്യാപകരെയും ചടങ്ങിൽ മന്ത്രി ആദരിച്ചു.

ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡൻറ് ലതാചന്ദ്രൻ, സ്റ്റാൻഡിങ് കമ്മിറ്റി അധ്യക്ഷൻ മാരായ കെ എസ് ജയ, പി എം അഹമ്മദ്, ദീപ എസ് നായർ, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ എ വി വല്ലഭൻ, വി എസ് പ്രിൻസ്, കെ ആർ മായ, റഹീം വീട്ടിപ്പറമ്പിൽ, അഡ്വ. മുഹമ്മദ് ഗസാലി, അഡ്വ. ജോസഫ് ടാജറ്റ്, ജലീൽ ആദൂർ, സാബിറ, പി എസ് വിനയൻ, വി ജി വനജ കുമാരി, ലീല സുബ്രഹ്മണ്യൻ, ശോഭന ഗോകുൽനാഥ്, ജിമ്മി ചൂണ്ടൽ, ബെന്നി ആന്റണി, പത്മം വേണുഗോപാൽ, സൂർജിത്, സുഗത ശശിധരൻ, ജനിഷ് പി ജോസ്, ഷീല അജയഘോഷ്, മഞ്ജുള അരുണൻ, കെ വി സജു, ലിനി ടീച്ചർ, ഷീന പറയങ്ങാട്ടിൽ, സരിത രാജേഷ്, വിഎച്ച്എസ്ഇ എ ഡി ലിസി ജോസഫ്, തൃശൂർ ഡയറ്റ് പ്രിൻസിപ്പൽ ഡോ. എം ശ്രീജ, തൃശ്ശൂർ ഡിപിസി എസ് എസ് കെ ഡോ. എൻ ജെ ബിനോയ്, ഹയർസെക്കൻഡറി ജില്ലാ കോഡിനേറ്റർ വി എം കരീം, കൈറ്റ് ജില്ലാ കോഡിനേറ്റർ എം അഷറഫ്, ചാവക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ എ കെ അജിതകുമാരി, ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഡോ. എ അൻസർ കെ എ എസ്, തൃശൂർ ഈസ്റ്റ് എഇഒ പി എം ബാലകൃഷ്ണൻ, ജില്ലാ പഞ്ചായത്ത് സെക്രട്ടറി പി എസ് ഷിബു തുടങ്ങിയവർ പങ്കെടുത്തു.

## മാലിന്യ സംസ്കരണത്തിനായി 706 പദ്ധതികൾക്ക് അംഗീകാരം

**തൃശ്ശൂർ:** മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ ഉൾപ്പെടുത്തി വാർഷിക പദ്ധതിക്ക് ഭേദഗതി അനുവദിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചതനുസരിച്ച് പുതുതായി 706 പദ്ധതികൾക്ക് ആയി 90.67 കോടി രൂപയുടെ പദ്ധതിക്ക് തൃശൂർ ജില്ലാ ആസൂത്രണ സമിതി യോഗം അംഗീകാരം നൽകി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി കെ ഡേവിസ് മാസ്റ്റർ അധ്യക്ഷതയിൽ ചേർന്ന് യോഗത്തിലാണ് തീരുമാനം. പ്രൊജക്ടുകൾ തയ്യാറാക്കുന്നതിന് 200 പേരടങ്ങിയ ജില്ലാതല മൊബൈൽ ഫെസിലിറ്റേഷൻ ടീം രൂപീകരിച്ചിരുന്നു. ഇവരുടെ നേതൃത്വത്തിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പ്രോജക്ട് ക്ലിനിക്കുകൾ നടത്തുകയും ആസൂത്രണ സമിതിയുടെ സബ്കമ്മിറ്റികൾ പരിശോധിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതികൾക്ക് അംഗീകാരം നൽകിയത്.2023 24 വാർഷിക പദ്ധതി ആരംഭത്തിൽ ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 2359 പ്രോജക്ടുകൾക്കായി 282.98 കോടി രൂപയുടെ പദ്ധതികളാണ് വകയിരുത്തിയിരുന്നത്.

# പച്ചക്കറി ഉത്പാദനത്തിൽ കേരളം സ്വയം പര്യാപ്തത നേടണം: മന്ത്രി പി പ്രസാദ്

**തൃശ്ശൂർ:** പച്ചക്കറി ഉത്പാദനത്തിൽ കേരളം സ്വയംപര്യാപ്തത കൈവരിച്ചാലേ വിലക്കയറ്റം തടയാനാകൂവെന്ന് കൃഷി മന്ത്രി പി പ്രസാദ്. സംസ്ഥാനത്ത് കർഷകർ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ സംഭരിച്ച് കർഷകന് ന്യായമായ വില നൽകി നമ്മുടെ നാട്ടിൽത്തന്നെ വിൽക്കുക എന്നതാണ് വിലക്കയറ്റത്തിന് ശാശ്വത പരിഹാരമെന്നും മന്ത്രി പറഞ്ഞു. താന്ന്യം പഞ്ചായത്തിലെ പുതിയ കൃഷി ഭവന്റെയും കാർഷിക ക്ലിനിക്കിന്റെയും ട്രെയിനിങ് സെന്ററിന്റെയും ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

സേവനങ്ങൾ കൃഷിയിടത്തിൽ ലഭ്യമാകുമ്പോൾ മാത്രമെ സ്മാർട്ട് കൃഷിഭവൻ എന്ന ആശയത്തിലേക്ക് എത്തുകയുള്ളൂ. കൃഷി ഓഫീസർമാർ കൃഷിയിടങ്ങളിൽ ചെന്ന് കാര്യനിർവഹണം നടത്തണം. കർഷകർ കൃഷിയോട് കാണിച്ച താത്പര്യമാണ് കഴിഞ്ഞ വർഷത്തെ കണക്കനുസരിച്ച് കാർഷികമേഖലയെ 4.64 ശതമാനം ഉയർച്ചയിലേക്ക് എത്തിച്ചത്. വിഷരഹിതമായ പച്ചക്കറി ഉത്പാദിപ്പിക്കുന്നതിന് താന്ന്യം പഞ്ചായത്തിന് സ്വന്തമായി ഒരു ആക്ഷൻ പ്ലാൻ വേണമെന്നും മന്ത്രി നിർദേശിച്ചു.

കൃഷി ഭവൻ പണി പൂർത്തികരിച്ച സ്ഥലം പഞ്ചായത്തിന് സംഭാവന ചെയ്ത ആവണേങ്ങാട്ട് കളരി അഡ്വ. എ യു രഘുരാമപണിക്കരെ മന്ത്രി ആദരിച്ചു. ചടങ്ങിൽ സി സി



മുകുന്ദൻ എം എൽ എ അദ്ധ്യക്ഷത വഹിച്ചു. എസ് എസ് എൽ സി, പ്ലസ് ടു വിഷയങ്ങളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെയും സ്കൂളുകളെയും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ കെ ശശിധരൻ ആദരിച്ചു. പ്രിൻസിപ്പൽ കൃഷി ഓഫീസർ ഉഷ മേരി ഡാനിയേൽ പദ്ധതി വിശദീകരണം നടത്തി.

പഞ്ചായത്തിന് സംഭാവനയായി ലഭിച്ച 5 സെന്റ് സ്ഥലത്താണ് ആർ കെ വി വൈ ഫണ്ട്, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ ഫണ്ട്, പഞ്ചായത്ത് തനത് ഫണ്ട് എന്നിവ ഉൾപ്പെടെ 85 ലക്ഷം രൂപ ചെലവിൽ മൂന്ന് നില കെട്ടിടം കാർഷിക മേഖലയ്ക്കായി പണി പൂർത്തീകരിച്ചത്.

ചടങ്ങിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രതി അനിൽകുമാർ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ലത ചന്ദ്രൻ, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ ഷീന പറയങ്ങാട്ടിൽ, വി എൻ സുർജിത്ത്, ബ്ലോക്ക് വൈസ് പ്രസിഡന്റ് മായ ടി ബി, താന്ന്യം കൃഷി ഓഫീസർ രൺദീപ് കെ ആർ, ജനപ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ല; വീണ്ടും ബോട്ട് സർവീസ്

**പൂച്ചാക്കൽ:** യാത്രക്കാരുടെ ജീവൻ തുലാസിലാക്കി ബോട്ട് സർവീസ് തകൃതിയായി നടക്കുന്നു. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെയാണ് ഭൂരിഭാഗം ബോട്ടുകളും ഇവിടെ സർവീസ് നടത്തുന്നത്. ജലഗതാഗത വകുപ്പ് പാണാവള്ളിയിൽനിന്നു പെരുമ്പളം, പൂത്തോട്ട തുടങ്ങിയ സ്ഥലങ്ങളിലേക്കു സർവീസ് നടത്തുന്ന ബോട്ടുകളും ആംബുലൻസ് ബോട്ടുകളുമാണ് ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ സർവീസ് നടത്തുന്നത്.

ബോട്ടുകളിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പ്രദർശിപ്പിക്കണമെന്നാണ് നിയമം. എന്നാൽ, ഇതു കാണാത്തതിനാൽ പെരുമ്പളം സ്വദേശി ഷിബു വിവരാകാശ നിയമപ്രകാരം, ബോട്ടുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റുകളുടെ കോപ്പി ആവശ്യപ്പെട്ടപ്പോൾ ഫിറ്റ്നസ് പുതുക്കൽ നടപടി ആരംഭിച്ചിട്ടുണ്ടെന്ന വിചിത്രമായ മറുപടിയാണു കിട്ടിയത്.

എസ് സീരിയലുകളിൽ വരുന്ന 13, 15, 18, 20, 21, 31, 34, എഫ് സി 8, റെസ്ക്യൂ ബോട്ട് (ആംബുലൻസ് ) എന്നീ ബോട്ടുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റുകളാണ് ആവശ്യപ്പെട്ടത്. പത്തു മുതൽ ഇരുപതു വർഷം വരെ കാലപ്പഴക്കമുള്ള സ്റ്റീൽ ബോട്ടുകളാണ് ഇവിടെ സർവീസ്



നടത്തുന്നത്. ഫിറ്റ്നസിനെക്കുറിച്ചു ബോട്ട് ജീവനക്കാർക്കും കാര്യമായ ധാരണയില്ല. നിലവിൽ ആറു ബോട്ടുകളാണ് പാണാവള്ളിയിൽ നിന്നു വിവിധ ഭാഗങ്ങളിലേക്കു സർവീസ് നടത്തുന്നത്. എഴുപത്തിയഞ്ചു യാത്രക്കാരുടെ കപ്പാസിറ്റിയുള്ള ബോട്ടുകളിൽ തിരക്ക് അധികമാകുമ്പോൾ നൂറിലധികം യാത്രക്കാരെ കുത്തി നിറച്ചാണ് സർവീസ് നടത്തുന്നത്. കേരളത്തിലെ ഏറ്റവും വലിപ്പം കൂടിയ പെരുമ്പളം ദ്വീപ് പഞ്ചായത്തിലെ ജനങ്ങളും പാണാവള്ളി, അരൂക്കുറ്റി, ഉദയംപേരൂർ, അമ്പല്ലൂർ, ചെമ്പ് തുടങ്ങിയ തീരദേശ പഞ്ചായത്തുകളിലെ നൂറു കണക്കിന് ആളുകളാണ് ദിവസവും ഈ ബോട്ടു ജെട്ടിയെ ആശ്രയിക്കുന്നത്.

ഫിറ്റ്നസ് ഇല്ലാത്ത ബോട്ടുകൾ മാറ്റി പകരം ബോട്ടുകൾ സർവീസ് നടത്താൻ തയാറായില്ലെങ്കിൽ യാത്രക്കാർ സമരപരിപാടികളുമായി മുന്നോട്ടു പോകുമെന്നാണ് പെരുമ്പളം ബോട്ട് പാസഞ്ചേഴ്സ് അസോസിയേഷൻ ഭാരവാഹി കെ.ആർ. സോമൻ പറയുന്നത്.

## വിദ്യാഭ്യാസ മേഖലയിൽ കാലാനുസൃത മാറ്റം ഉറപ്പാക്കി: മന്ത്രി ജി ആർ അനിൽ

**കൊല്ലം:** മികച്ച നിലവാരമുള്ള വിദ്യാഭ്യാസവും അടിസ്ഥാന സൗകര്യങ്ങളും ഉറപ്പാക്കി പൊതുവിദ്യാഭ്യാസ രംഗത്ത് അങ്കണവാടി മുതൽ ഹയർ സെക്കൻഡറിതലം വരെ കാലാനുസൃത മാറ്റങ്ങൾ നടപ്പാക്കിയതായി മന്ത്രി ജി ആർ അനിൽ. നെട്ടയം സർക്കാർ ഹൈസ്കൂൾ പ്ലാറ്റിനം ജൂബിലി ആഘോഷം ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. പുതിയ കെട്ടിടങ്ങൾ, സ്മാർട്ട് ക്ലാസുകൾ ഉൾപ്പെടെ സജ്ജമാക്കി ലോകോത്തര നിലവാരത്തിലുള്ള വിദ്യാലയങ്ങൾ കേരളത്തിലുടനീളം സൃഷ്ടിക്കാൻ സാധിച്ചു. വിദ്യാർഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തി. സമൂഹത്തിന്റെ വികസനത്തിന് വിദ്യാഭ്യാസ മേഖലയ്ക്ക് നൽകുന്ന മുൻഗണന തുടരുമെന്നും മന്ത്രി പറഞ്ഞു.

75 വർഷത്തെ പാരമ്പര്യമുള്ള നെട്ടയം സർക്കാർ ഹൈസ്കൂൾ ഒരു കൊല്ലം നീളുന്ന ആഘോഷ പരിപാടികൾക്കാണ് തുടക്കം കുറിച്ചത്. പി എസ് സുപാൽ എം എൽ എ അധ്യക്ഷനായി. എൻ കെ പ്രേമചന്ദ്രൻ എം പി, മുൻമന്ത്രിയും പൂർവ വിദ്യാർഥിയുമായ കെ രാജു, കശുവണ്ടി വികസന കോർപ്പറേഷൻ ചെയർമാനും പൂർവ വിദ്യാർഥിയുമായ എസ് ജയമോഹൻ, ജില്ലാ പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ കെ ഷാജി, ഹെഡ്മിസ്ട്രസ് എസ് അജിത, പി ടി എ പ്രസിഡന്റ് വി ജയകുമാർ, രാഷ്ട്രീയകക്ഷി നേതാക്കൾ, പൂർവ വിദ്യാർഥികൾ തുടങ്ങിയവർ പങ്കെടുത്തു.

## 44 കുട്ടികൾക്ക് ഉടൻ കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ

**തിരുവനന്തപുരം:** ശ്രുതിതരംഗം പദ്ധതിയിൽ കോക്ലിയർ ഇംപ്ലാന്റേഷൻ സർജറിയുമായി ബന്ധപ്പെട്ട് ലഭിച്ച 52 അപേക്ഷകളിൽ സാങ്കേതിക സമിതി പരിശോധിച്ച് 44 കുട്ടികൾക്ക് അടിയന്തര ശസ്ത്രക്രിയ നടത്തുന്നതിന് അംഗീകാരം നൽകിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അറിയിച്ചു. സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ ഏകോപനത്തോടെ ഇവർക്കുള്ള ശസ്ത്രക്രിയ ഉടൻ നടത്തും. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് കാലതാമസമില്ലാതെ പരിശോധിച്ച് തീരുമാനമെടുക്കാൻ എസ്.എച്ച്.എയ്ക്ക് നിർദേശം നൽകിയിട്ടുണ്ട്. പരമാവധി കുട്ടികൾക്ക് പരിരക്ഷയൊരുക്കാനാണ് സർക്കാർ ശ്രമിക്കുന്നതെന്ന് മന്ത്രി വ്യക്തമാക്കി.

കോക്ലിയർ ഇംപ്ലാന്റേഷൻ സർജറിയ്ക്കും തുടർ ചികിത്സയ്ക്കുമായി കൂടുതൽ ആശുപത്രികളെ എംപാനൽ ചെയ്യാനാണ് എസ്.എച്ച്.എ ശ്രമിക്കുന്നത്. ഇംപ്ലാന്റിനായി കെ.എം.എസ്.സി.എൽ. ടെൻഡർ നടപടി ആരംഭിച്ചിട്ടുണ്ട്. നിലവിൽ സർജറി ആവശ്യമുള്ള കേസുകളിൽ ആശുപത്രികൾക്ക് ഇംപ്ലാന്റ് ലഭ്യമാക്കുവാൻ നിലവിൽ കരാറുള്ള കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഉപകരണങ്ങളുടെ കേടുപാടുകൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള അപേക്ഷകളും ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ലഭിച്ച ഫണ്ടും എസ്.എച്ച്.എയ്ക്ക് കൈമാറുന്നതിനുള്ള കെ.എസ്.എസ്.എമ്മിന് നൽകിയിട്ടുണ്ട്.

സാമൂഹ്യ സുരക്ഷാ മിഷൻ കൈമാറിയ ലിസ്റ്റ് പ്രകാരമുള്ള 25 കുട്ടികളുടെ കോക്ലിയർ ഇംപ്ലാന്റേഷൻ മെഷീന്റെ അപ്ഗ്രഡേഷന് 59,47,500 രൂപ എസ്.എച്ച്.എ. സാമൂഹ്യ സുരക്ഷാ മിഷന് നൽകിയിരുന്നു.

## കുട്ടികളെ സ്റ്റേഷനുകളിൽ വിളിപ്പിച്ച് മൊഴി രേഖപ്പെടുത്താൻ പാടില്ലെന്ന് ബാലാവകാശ കമ്മീഷൻ

**തിരുവനന്തപുരം:** കുട്ടികളെ പോലീസ് സ്റ്റേഷനുകളിൽ വിളിപ്പിച്ച് മൊഴി രേഖപ്പെടുത്താൻ പാടില്ലെന്ന് ബാലാവകാശ കമ്മീഷൻ ഉത്തരവ്. കമ്മീഷൻ അംഗം പി.പി ശ്യാമളാദേവി പുറപ്പെടുവിച്ച ഉത്തരവിലാണ് സംസ്ഥാന പോലീസ് മേധാവിക്ക് ഇതു സംബന്ധിച്ച് നിർദ്ദേശം നൽകിയത്. 15 വയസിൽ താഴെയുള്ള കുട്ടികളെ മൊഴി എടുക്കുന്നതിന്റെ ഭാഗമായി പോലീസ് സ്റ്റേഷനിൽ വിളിപ്പിക്കാൻ പാടില്ല. വിവിധ പോലീസ് സ്റ്റേഷനുകളിൽ വെച്ച് കുട്ടികളുടെ മൊഴി രേഖപ്പെടുത്തിയതായി വിലയിരുത്തിയ കമ്മീഷൻ അത് കുട്ടികളെ മാനസികമായി പ്രയാസപ്പെടുത്തുന്നതും അവരുടെ സ്വാഭാവരൂപീകരണത്തെ ദോഷമായി ബാധിക്കുന്നതുമാണെന്ന് നിരീക്ഷിച്ചു. തിരുവനന്തപുരം സ്വദേശിയുടെ പരാതി പരിഹരിക്കാനും കുട്ടിക്ക് മാനസിക വിഷമതകൾ ഉണ്ടായിട്ടുണ്ടെങ്കിൽ കൗൺസിലിംഗ് അടക്കം നൽകുന്നതിനും നടപടി സ്വീകരിക്കാൻ ഫോർട്ട് പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർക്കും കമ്മീഷൻ നിർദ്ദേശം നൽകി. ഇതിൻമേൽ സ്വീകരിച്ച നടപടി റിപ്പോർട്ട് 30 ദിവസത്തിനകം കമ്മീഷന് ലഭ്യമാക്കാനും ഉത്തരവിൽ നിർദ്ദേശിച്ചു.



## വലിയ മാറ്റങ്ങൾ ഉണ്ടാക്കും വിധം കൃഷി സമൃദ്ധി ഉയർന്നു: മന്ത്രി കെ രാജൻ

**തൃശ്ശൂർ:** ജൈവ സംസ്കാരത്തെ പ്രോത്സാഹിപ്പിക്കണമെന്നും വലിയ മാറ്റങ്ങൾ ഉണ്ടാകുന്ന തരത്തിലേക്ക് കൃഷി സമൃദ്ധി ഉയർന്നുവെന്നു റവന്യൂ വകുപ്പ് മന്ത്രി കെ രാജൻ. സമൃദ്ധി ഇക്കോ ഷോപ്പ് ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു മന്ത്രി. ജീവിതത്തിരക്കുകൾക്കിടയിൽ ആരോഗ്യപരിപാലനം അത്യന്താപേക്ഷിതമായി ചിന്തിക്കേണ്ടതുണ്ട്. എല്ലാം ഇൻസ്റ്റന്റായി ലഭിക്കുന്ന ഈ കാലത്ത് ഗുണമേന്മയുള്ളവ ജീവിതത്തിന്റെ ഭാഗമാക്കേണ്ടതുണ്ടെന്നും ഉദ്ഘാടന പ്രഭാഷണത്തിൽ മന്ത്രി പറഞ്ഞു.

കർഷകരും കർഷക ഉൽപാദന കമ്പനികളും നേരിട്ട് തയ്യാറാക്കുന്ന മൂല്യവർദ്ധിത ഉൽപന്നങ്ങളും കർഷകരുടെ ഗുണമേന്മയുള്ള നാടൻ പഴങ്ങളും പച്ചക്കറികളും ഒരു കുടക്കീഴിൽ ലഭ്യമാക്കുന്ന ഇടമാണ് സമൃദ്ധി ഇക്കോ ഷോപ്പ്. ഹോർട്ടികോർപ്പിന് കീഴിൽ പ്രവർത്തിച്ചുവരുന്ന ഹോർട്ടി ഗ്രാമശ്രീ സ്റ്റോറായും ഒല്ലൂർ കൃഷി സമൃദ്ധി ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനി ലിമിറ്റഡ് നടത്തുന്ന സമൃദ്ധി ഇക്കോ ഷോപ്പ് പ്രവർത്തിക്കും.

അട്ടപ്പാടി മില്ലെറ്റുകൾ, മറയൂർ ശർക്കര, കൊടുമൺ ബ്രാൻഡ് അരിയും ഉൽപന്നങ്ങളും, അതിരപ്പിള്ളി കോഫി സ്പൈസസ് തുടങ്ങിയ കേരളത്തിന്റെ സ്വന്തം മൂല്യവർദ്ധിത ഉൽപന്നങ്ങളെല്ലാം ഷോപ്പിൽ ലഭ്യമാണ്. വിദേശരാജ്യങ്ങളിലും പ്രസിദ്ധമായ ഒല്ലൂർ കൃഷി സമൃദ്ധിയുടെ മുരിങ്ങയില ഉൽപന്നങ്ങളും ഈ സ്റ്റോർ വഴി ലഭിക്കും.

ഒല്ലൂർ കൃഷി സമൃദ്ധി ചെയർമാൻ കനിഷ്കൻ കെ വിൽസൺ അധ്യക്ഷത വഹിച്ചു. മാനേജിംഗ് ഡയറക്ടർ എം എസ് പ്രദീപ് കുമാർ സ്വാഗതം ആശംസിച്ചു. ആത്മ പ്രൊജക്റ്റ് ഡയറക്ടർ എംപി അനൂപ് പദ്ധതി വിശദീകരിച്ചു. തൃശ്ശൂർ പ്രിൻസിപ്പൽ കൃഷി ഓഫീസർ ഉഷ ഡാനിയൽ മുഖ്യപ്രഭാഷണം നടത്തി. ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് കെ ആർ രവി, ജില്ലാ പഞ്ചായത്ത് അംഗം കെ വി സജു, എഡി എ സത്യവർമ്മ, സിഇഒ കെ യു ശ്രീജിത്ത് തുടങ്ങിയവർ പങ്കെടുത്തു. തൃശ്ശൂർ കോർപ്പറേഷൻ പൊതുമരാമത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ഷീബ ബാബു ആദ്യ വില്പന നടത്തി.

## ക്രിയേറ്റീവ് ഇൻഡസ്ട്രി പദ്ധതിക്ക് ധാരണയായി



**തൃശ്ശൂർ:** ഭാവി തലമുറയെ തൊഴിൽ പ്രാപ്തരാക്കുന്നതിന് ക്രിയേറ്റീവ് ഇൻഡസ്ട്രി പദ്ധതി ഒരുങ്ങുന്നു. സംസ്ഥാന സർക്കാർ കേരള ലളിതകലാ അക്കാദമിയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന പദ്ധതിയുടെ ആലോചനായോഗം മുരളി പെരുനെല്ലി എംഎൽഎ മുല്ലശ്ശേരി പഞ്ചായത്തിൽ വെച്ച് ഉദ്ഘാടനം ചെയ്തു.

എട്ടാം ക്ലാസ് മുതലുള്ള വിദ്യാർഥികൾക്കും സ്കൂൾ അധ്യാപകർക്കും പൊതുജനങ്ങൾക്കും ഉപകാരപ്രദമാകുന്ന തരത്തിൽ വിവിധ മേഖലകളിൽ പരിശീലനവും കരിയർ ഗൈഡൻസും നൽകി തൊഴിൽ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ഭാഗമായി ഒരു സ്ക്കൂളിൽ നിന്ന് മിനിമം 20 വിദ്യാർഥികൾക്ക് ആഴ്ചയിൽ രണ്ട് ദിവസം ക്ലാസ് നൽകാനാണ് ഉദ്ദേശം.

യോഗത്തിൽ കേരള ലളിതകലാ അക്കാദമി ചെയർമാൻ മുരളി ചീരോത്ത് അദ്ധ്യക്ഷത വഹിക്കുകയും പദ്ധതി വിശദീകരിക്കുകയും ചെയ്തു.

മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീദേവി ജയരാജൻ, വൈസ് പ്രസിഡന്റ് കെ പി ആലി, ജനപ്രതിനിധികൾ, ആസൂത്രണ സമിതി അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.



# വിഴിഞ്ഞം തുറമുഖം നിർമാണം; ബോയകൾ സ്ഥാപിക്കാനുള്ള നടപടികളുമായി അധികൃതർ

**വിഴിഞ്ഞം:** വിഴിഞ്ഞം തുറമുഖത്തേക്ക് ചരക്ക് കപ്പലുകൾ എത്തുന്നില്ലെങ്കിലും കപ്പൽ ചാനൽ നിർണയിച്ച് ബോയകൾ സ്ഥാപിക്കാനുള്ള നടപടികളുമായി അധികൃതർ.

ബാക്ക് വാട്ടർ മുതൽ ഒരു നോട്ടിക്കൽ മൈൽ വരെയുള്ള പുറംകടലിൽ ആറ് ബോയകൾ നിക്ഷേപിക്കും. ഇതിനായി തുറമുഖ ഓഫീസിൽ എത്തിച്ച യന്ത്രഭാഗങ്ങൾ കൂട്ടിയോജിപ്പിച്ച് ഒരു മാസത്തിനുള്ളിൽ കടലിൽ സ്ഥാപിക്കും. കപ്പൽ വരുന്ന ഭാഗത്തുനിന്ന് മത്സ്യബന്ധന ബോട്ടുകൾക്ക് സുരക്ഷയൊരുക്കലാണ് ലക്ഷ്യം. ക്രൂ ചേഞ്ചിംഗിനായി തുറമുഖത്ത് ചരക്കു കപ്പലുകളുടെ തിരക്കുണ്ടായിരുന്ന സമയത്ത് ബോയകൾ നിക്ഷേപിച്ചിരുന്നെങ്കിലും ശക്തമായ തിരയിൽപ്പെട്ട് പലതും നഷ്ടമായി.

ക്രൂ ചേഞ്ചിംഗ് നിർത്തലാക്കിയ ശേഷം ഒരു വിദേശക്കപ്പൽ പോലും തുറമുഖത്ത അടുത്തില്ല.ഇതോടെ വരുമാനവും കുത്തനെ ഇടിഞ്ഞു. സുരക്ഷാ കോഡ് ലഭിക്കാത്തതാണ് ക്രൂ ചേഞ്ചിംഗ് നിർത്തലാക്കാനുള്ള കാരണമെന്നറിയിച്ച അധികൃതരും കോഡ് ലഭിച്ച ശേഷം തിരിഞ്ഞ് നോക്കിയില്ല.

നിലവിൽ അന്താരാഷ്ട്ര തുറമുഖ നിർമാണത്തിന് കടൽ മാർഗം വരുന്ന തൊഴിലാളികൾക്ക് ക്ലിയറൻസ് നൽകുന്നതു വഴിയുള്ള വരുമാനമാണ് മാതൃതുറമുഖത്തിന് ആകെയുള്ള ഉണർവ്.

എന്നാൽ സുരക്ഷാ കോഡുള്ളതിനാൽ ഏതു സമയത്തും കപ്പലുകൾക്ക് വിഴിഞ്ഞത്ത് അടിയന്തിര ലാൻഡിംഗ് നടത്താം. ഇതിനുപരിമാലിയിലേക്കുള്ള ചരക്ക് ഗതാഗതം പുനരാരംഭിക്കുന്നതിനുള്ള ശ്രമങ്ങളും അധികൃതർ നടത്തുന്നുണ്ട്.

# പമ്പാനദിയിൽ വെള്ളം കുറയുന്നതിൽ ആശങ്ക



ആറന്മുള: പള്ളിയോടങ്ങളുടെ നാട്ടിൽ വള്ളസദ്യയുടെ ആഘോഷം. പ്രതിദിന വള്ളസദ്യകൾക്കായി പള്ളിയോടങ്ങൾ പമ്പാനദിയിൽ നിറഞ്ഞു. എന്നാൽ, അപ്രതീക്ഷിതമായി പമ്പാനദിയിൽ ജലനിരപ്പ് കുറയുന്നതിന്റെ ആശങ്കയിലാണ് കരകൾ. അപ്രതീക്ഷിതമായാണ് ഇക്കൊല്ലം നദിയിൽ ജലനിരപ്പ് താഴ്ന്നത്. സാധാരണ നിലയിൽ ജൂൺ, ജൂലൈ മാസങ്ങളിൽ ലഭിക്കുന്ന അധിക മഴ പമ്പാനദിയെ ജലസമ്പുഷ്ടമാക്കിയിരുന്നു. ഓഗസ്റ്റിൽ നദിയിലെ ജലനിരപ്പിൽ കുറവുണ്ടായതു വളരെ വർഷങ്ങൾക്കു ശേഷമാണ്. നദിയിൽ മണൽതിട്ടകൾ തെളിഞ്ഞു നിൽക്കുന്നുണ്ട്. ഇതിനൊപ്പം രൂപപ്പെട്ടിട്ടുള്ള മൺപുറ്റുകളും ഭീഷണിയാണ്.

പമ്പയുടെ കിഴക്കും പടിഞ്ഞാറുമുള്ള കരകളിൽനിന്നുള്ള പള്ളിയോടങ്ങൾ പമ്പാനദിയിലൂടെയാണ് തുഴഞ്ഞെത്തുന്നത്. ഇക്കുറി വള്ളസദ്യയ്ക്കു മുമ്പായി നദിയിൽ ജലമൊഴുക്ക് സുഗമമാക്കാനുള്ള നടപടികൾ തുടങ്ങിയിരുന്നില്ല. മൺപുറ്റുകളും മറ്റു തടസങ്ങളും നീക്കിയിരുന്നില്ല. ഓണത്തോടനുബന്ധിച്ചു തിരുവോണത്തോണി യാത്ര, ഉത്രട്ടാതി ജലോത്സവം, അഷ്ടമിരോഹിണി വള്ളസദ്യ എന്നിവയെല്ലാം നടക്കുന്നതിനാൽ നദിയിലെ ജലമൊഴുക്ക് സുഗമമാക്കാനുള്ള തീരുമാനമെടുത്തിരുന്നു.പമ്പയുടെ കരകളിലെ പല പള്ളിയോടങ്ങളും നീരണിയാൻതന്നെ ഏറെ ബുദ്ധിമുട്ടുന്നുണ്ട്. നദിയിൽ മണൽ തെളിഞ്ഞതാണ് കാരണം. നേരത്തെ മാലിപ്പുരകളിൽ നിന്നു നേരിട്ടു നദിയിലേക്കു പള്ളിയോടങ്ങൾ ഇറക്കാനാകുമായിരുന്നുവെങ്കിൽ ഇപ്പോൾ മണലിലൂടെ നിരക്കിയിറക്കേണ്ട സ്ഥിതിയാണ്. കഴിഞ്ഞ ദിവസങ്ങളിൽ പല പള്ളിയോടങ്ങളും ഇത്തരത്തിലാണ് പമ്പാനദിയിലേക്ക് ഇറക്കിയത്. നീരണിഞ്ഞ പള്ളിയോടങ്ങൾ ഇനി ജലോത്സവങ്ങളും വള്ളസദ്യകളുമെല്ലാം കഴിഞ്ഞ് ഒക്ടോബറിൽ മാത്രമേ തിരികെ കയറ്റാറുള്ളൂ.

പത്തനംതിട്ട ജില്ലയിൽ ജൂൺ ഒന്നു മുതൽ ഇന്നലെ വരെ 20 ശതമാനം മഴക്കുറവാണുള്ളത്. 839.6 മില്ലിമീറ്റർ മഴയാണ് ഇക്കാലയളവിൽ ലഭിച്ചത്. 1048.2 മില്ലിമീറ്റർ മഴിയാണ് പ്രതീക്ഷിച്ചിരുന്നത്. ജൂലൈ ആദ്യ വാരം മാത്രമാണ് മഴ കൂടുതലായി ലഭിച്ചത്. മറ്റു സമയങ്ങളിലെല്ലാം മഴക്കുറവു തന്നെയായിരുന്നു. കഴിഞ്ഞ വർഷം സംസ്ഥാനത്തുതന്നെ അധിക മഴയായിരുന്നു പത്തനംതിട്ടയുടെ കണക്കിലുണ്ടായിരുന്നത്. സംസ്ഥാനത്തുതന്നെ 2022ൽ അധികമഴ ഏറ്റവും കൂടുതലായി രേഖപ്പെടുത്തിയതും പത്തനംതിട്ടയിലാണ്. ഇത്തവണ എല്ലാ ജില്ലകളിലും മഴക്കുറവാണുള്ളത്.

സാധാരണ നിലയിൽ പമ്പാനദിയിൽ ജലം കുറയുമ്പോൾ വള്ളംകളിക്കും മറ്റുമായി മണിയാർ, മൂഴിയാർ സംഭരണികളിൽ നിന്ന് ജലം പുറത്തേക്ക് ഒഴുക്കാറുണ്ടായിരുന്നു. ഇത്തവണ സംഭരണികളിലും ജലനിരപ്പ് കുറവാണ്. ശബരിഗിരി പദ്ധതിയുടെ സംഭരണികളിൽ 40 ശതമാനത്തിൽ താഴെയാണ് ജലനിരപ്പ്.

ശബരിഗിരിയിൽ ഉത്പാദനം അനുസരിച്ചു മാത്രമേ മൂഴിയാർ, മണിയാർ സംഭരണികളിൽ ജലലഭ്യത ഉണ്ടാകൂ. സാധാരണ നിലയിലെ ഉത്പാദനത്തിനു ശേഷം പുറന്തള്ളുന്ന വെള്ളമാണ് ഇപ്പോൾ രണ്ടിടത്തും ശേഖരിക്കുന്നത്. അധികജലം തുറന്നു നദിയിലേക്ക് ഒഴുക്കി ജലലഭ്യത ഉറപ്പാക്കാനുമാകാത്ത സ്ഥിതിയുണ്ട്.

# സഞ്ചാരികളെ മാടിവിളിച്ച് കക്കാടംപൊയിൽ



**കൂമ്പാറ:** മലബാറിൻറെ ഊട്ടി, മലബാറിൻറെ ഗവി, ഹെയ്സ് ലാൻഡ് തുടങ്ങിയ ഓമനപേരിൽ അറിയപ്പെടുന്ന കക്കാടംപൊയിലേക്ക് നിലമ്പൂർ, കോഴിക്കോട്, വയനാട്, തിരുവന്പാടി ഡിപ്പോകളിൽ നിന്നും കെഎസ്ആർടിസി ബജറ്റ് ടൂറിസത്തിൻറെ ഭാഗമായി പ്രത്യേക സർവീസ് നടത്തണമെന്ന ആവശ്യം ഉയരുന്നു.

വിനോദ സഞ്ചാരികൾക്ക് ഏറെ ഉപകാരപ്രദമാകുന്ന സർവീസിലൂടെ കെഎസ്ആർടിസിയുടെ വരുമാനവും വർധിക്കും. കക്കാടംപൊയിലിൽ നിന്ന് നിലന്പൂർ ഗൂഡല്ലൂർ വഴി ഊട്ടിയിലേക്ക് ഏകദേശം 123 കിലോമീറ്റർ ദൂരമേയുള്ളു. കക്കാടംപൊയിൽ നിന്നും നിലന്പൂർ വരെ പ്രകൃതി സുന്ദരമായ കാഴ്ചകളാണുള്ളത്.

നിലമ്പൂരിൽ കനോലി കനാലും തേക്ക് മ്യൂസിയവുമൊക്കെയാണ് സഞ്ചാരികളെ കാത്തിരിക്കുന്നത്. നിലമ്പൂരിൽ നിന്നും വഴിക്കടവ് നാടുകാണി ചുരം കയറി കാനനപാതയിലൂടെ ഗൂഡല്ലൂരിലേക്കുള്ള യാത്രയും സഞ്ചാരികൾക്ക് ഏറെ പ്രിയങ്കരമാണ്.

കാനനപാതയിലൂടെയുള്ള യാത്രയിൽ ധാരാളം മൃഗങ്ങളെയും തൊട്ടടുത്തു കാണാൻ കഴിയും. കക്കാടംപൊയിൽ നിലമ്പൂർ, ഗൂഡല്ലൂർ, ഗുണ്ടൽപേട്ട വഴി വയനാട്ടിലേക്കുള്ള യാത്രയും സഞ്ചാരികൾക്ക് ഏറെ ഇഷ്ടമാകും. ഗൂഡല്ലൂരിൽ നിന്നും ബന്ദിപ്പൂർ വനത്തിൽ കൂടി മുത്തങ്ങ വഴിയുള്ള യാത്രയും കക്കാടംപൊയിൽ, നിലമ്പൂർ, വഴിക്കടവ്, നാടുകാണി, ഗൂഡല്ലൂർ, മേപ്പാടി വടുവഞ്ചാൽ വഴിയുള്ള യാത്രയും ആസ്വാദ്യകരമാണ്.

വയനാട്ടിൽ നിന്നും താമരശേരി ചുരം വഴി ചിപ്പിലിത്തോട്തുഷാരഗിരി വഴി കക്കാടംപൊയിലേക്ക് ഇത്തരം ട്രിപ്പുകൾ നടത്താൻ സാധിക്കും. കക്കാടംപൊയിലിൽ നിരവധി കാഴ്ചകളാണ് പ്രകൃതി ഒരുക്കിയിരിക്കുന്നത്.

പണ്ട് നിലമ്പൂർ കോവിലകത്തിൻറെ അധീനതയിലായിരുന്ന നിത്യഹരിത വനമേഖലയായ പന്തീരായിരം വനമേഖലയും അതിനോട് ചേർന്നുള്ള കോഴിപ്പാറ വെള്ളച്ചാട്ടവും നായാടംപൊയിലിലെ പഴശിഗുഹയും അതിനോട് ചേർന്നുള്ള പൂവാറൻ തോടിൻറെ നെറുകയിലുള്ള മേടപ്പാറയും ഉടുമ്പ് പാറയും നായാടംപൊയിൽ കുരിശുമലയും കൂന്പാറ കക്കാടംപൊയിൽ റൂട്ടിലെ പാമ്പുംകാവ് വ്യൂ പോയിൻറും സഞ്ചാരികളുടെ മനം കുളിർപ്പിക്കും. കെഎസ്ആർടിസിയും ടൂറിസം വകുപ്പും ചേർന്ന് പ്രത്യേക പാക്കേജുകൾ നടപ്പിലാക്കണമെന്നാണ് വിനോദസഞ്ചാരികളുടെ ആവശ്യം.

## വനം വിസ്തൃതി കൂട്ടാൻ ഒഴിഞ്ഞുപോകൽ 10% അപേക്ഷകൾക്ക് അംഗീകാരം

**പത്തനംതിട്ട:** വനം വിസ്തൃതി കൂട്ടുന്നതിലേക്ക് ആസൂത്രണം ചെയ്ത പദ്ധതിയിൽ ജില്ലയിൽ അപേക്ഷ സ്വീകരിച്ച കോന്നിയിലെ നടുവത്തുംമൂഴി റേഞ്ചിൽ ആദ്യഘട്ടത്തിൽ അംഗീകാരം നൽകിയത് 36 അപേക്ഷകൾ മാത്രം. 360 അപേക്ഷകളാണ് റേഞ്ചിൽ ലഭിച്ചിരുന്നത്. വനത്തോടു ചേർന്ന പ്രദേശങ്ങളിൽ താമസിക്കുന്നവരെയും ഭൂ ഉടമകളെയും ഒഴിപ്പിച്ച് വനം വിസ്തൃതി കൂട്ടുകയെന്ന കേന്ദ്ര നയത്തിൻറെ ഭാഗമായ സ്വയം സന്നദ്ധത പുനരധിവാസ പദ്ധതിയിലാണ് അപേക്ഷ സ്വീകരിച്ചിരുന്നത്.

കേരള സർക്കാർ റീ ബിൽഡ് കേരളയിൽ ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പാക്കുന്നത്. കൊല്ലം ജില്ലയിലെ റോസ്മലയിൽ പദ്ധതി നടപ്പാക്കിയപ്പോൾ ചെറുകിട ഭൂ ഉടമകൾ മാത്രമാണ് ഒഴിഞ്ഞുപോകാൻ തയാറായത്. കേരളം മുഴുവനായി 850 കോടി രൂപയുടെ പദ്ധതിയിലാണ് ഒഴിപ്പിക്കൽ. ഇതിൽത്തന്നെ 375 കോടി രൂപ വൻകിട തോട്ടങ്ങൾ ഒഴിപ്പിക്കുന്നതിലേക്ക് മാറ്റിവച്ചിരിക്കുകയാണെന്നു പറയുന്നു.

വന്യമൃഗങ്ങളുടെ നിരന്തരമായ ശല്യം കാരണം കൈവശഭൂമിയിലേക്കു കടക്കാൻ പോലുമാകാത്ത കുടിയേറ്റ കർഷകരാണ് സ്വയം സന്നദ്ധത പുനരധിവാസ പദ്ധതിയിൽ ഒഴിഞ്ഞുപോകാനുള്ള അപേക്ഷ നൽകിയത്. പതിറ്റാണ്ടുകളായി കൈവശം വച്ചിരിക്കുന്ന ഭൂമിയിൽനിന്നാണ് ഇവർ ഒഴിഞ്ഞുപോകാൻ താത്പര്യം അറിയിച്ചത്.



## രണ്ടു മാസത്തെ ഇടവേളയ്ക്കു ശേഷം അനധികൃത ചെങ്കൽ ക്വാറികൾ സജീവമായി

**കടുത്തുരുത്തി:** രണ്ട് മാസത്തെ ഇടവേളയ്ക്കു ശേഷം അനധികൃത ചെങ്കൽ ക്വാറികൾ സജീവമായി. കടുത്തുരുത്തി, മുളക്കുളം, ഞീഴൂർ, മാഞ്ഞൂർ, വെള്ളൂർ പഞ്ചായത്തുകളിലാണ് അനധികൃത ചെങ്കൽ ക്വാറികളിലധികവും പ്രവർത്തിക്കുന്നത്.

രണ്ടു മാസം മുമ്പ് വിജിലൻസ് പരിശോധന നടത്തി നിർത്തിവയ്പ്പിച്ച ക്വാറികളാണ് ഇവയിൽ ഭൂരിപക്ഷവും. മുളക്കുളത്ത് മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിൻറെ അനുമതിയില്ലാതെ പ്രവർത്തിച്ചിരുന്ന ക്വാറിയിൽനിന്നു കല്ല് വെട്ടുന്ന ടില്ലർ മിഷ്യനുകളും ജെസിബിയും വിജിലൻസ് പരിശോധനയിൽ പിടിച്ചെടുത്തിരുന്നു.

മുളക്കുളത്ത് ജാതിക്കാമല, കീഴൂർ, അവർമ, കാരിക്കോട് തുടങ്ങിയ സ്ഥലങ്ങളിലും ഞീഴൂരിൽ ചായംമാവ്, പ്രസിദ്ധമായ തേവർത്തുമലയുടെ 50 മീറ്റർ മാറിയുമാണ് വൻതോതിൽ ചെങ്കല്ല് വെട്ടുന്നത്. കടുത്തുരുത്തിയിലെ മാനടിനിരപ്പ്, മുട്ടുചിറ, മേട്ടുംപാറ, ചാത്തൻകുന്ന്, കപ്പുന്തല, വെള്ളൂർ പഞ്ചായത്തിലെ ഇറുമ്പയം, പൊതി, കലയത്തുംകുന്ന് തുടങ്ങിയ പ്രദേശങ്ങളിലെല്ലാം വൻതോതിൽ ഖനനം നടക്കുന്നുണ്ട്. ചെങ്കൽ ക്വാറികളുടെ അനധികൃത പ്രവർത്തനങ്ങൾക്ക് മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിലെ ചില ഉദ്യോഗസ്ഥർ ഒത്താശ ചെയ്തു കൊടുത്തതായും ഉടമകൾ വൻതുക കൈക്കൂലി നൽകിയാണ് ക്വാറികൾ പ്രവർത്തിച്ചിരുന്നതെന്നും വിജിലൻസ് കണ്ടെത്തിയിരുന്നു.

## അഴീക്കൽ തുറമുഖ ആധുനികവത്കരണം രണ്ടുവർഷത്തിനകം: മന്ത്രി സജി ചെറിയാൻ

**കണ്ണൂർ:** അഴീക്കൽ തുറമുഖ ആധുനികവത്കരണം രണ്ടുവർഷം കൊണ്ട് പൂർത്തിയാക്കുമെന്ന് മന്ത്രി സജി ചെറിയാൻ. തുറമുഖം ആധുനികവത്കരിക്കാൻ 25.36 കോടി രൂപയാണ് സർക്കാർ അനുവദിച്ചത്. 186 മീറ്റർ വാർഫ്, ലേലപ്പുര, സാഫ് പ്രോസസിംഗ് യൂണിറ്റ്, ലോക്കർ മുറികൾ, ചുറ്റുമതിൽ, ഇൻറേണൽ റോഡുകൾ, കാൻറീൻ കെട്ടിടം, പാർക്കിംഗ് ഏരിയ, ശുചിമുറി ബ്ലോക്ക്, ഫിഷറീസ് ഓഫീസ്, കുടിവെള്ള വിതരണ സംവിധാനം, മഴവെള്ള സംഭരണി എന്നിവയാണ് ഒരുക്കുകയെന്ന് മന്ത്രി പറഞ്ഞു. അഴീക്കൽ മത്സ്യബന്ധന തുറമുഖം ആധുനികവത്കരണ പ്രവൃത്തികളുടെ ഉദ്ഘാടനം നിർവഹിച്ചു പ്രസംഗി ക്കുകയായിരുന്നു അദ്ദേഹം.

വളപട്ടണംമാട്ടൂൽ പുഴകളുടെ അഴിമുഖത്തിൽ നിന്നും 1.75 കിലോമീറ്റർ മാറിയാണ് അഴീക്കൽ തുറ മുഖം സ്ഥിതി ചെയ്യുന്നത്. ഇവിടേക്കുള്ള പ്രവേശനം സുഗമമാക്കാനും അഴിമുഖത്തിൻറെ സംരക്ഷണ ത്തിനുമായി പുഴയുടെ ഇരുകരകളിലായി നിലവിൽ പുലിമുട്ടുകൾ സ്ഥാപിച്ചിട്ടുണ്ട്. ഹാർബർ എൻജിനിയറിംഗ് വകുപ്പ് നടത്തിയ നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ലേല ഹാൾ, ടോയ് ലെറ്റ് ബ്ലോക്ക്, വാട്ടർ ടാങ്ക്, ഐസ് പ്ലാൻറ് കെട്ടിടം എന്നിവ നിർമിച്ചു. നിലവിലെ മത്സ്യയാനങ്ങളുടെ ബാഹുല്യം, ബെർത്തിംഗ് സൗകര്യത്തിൻറെ അപര്യാപ്തത, മറ്റ് സൗകര്യ കുറവ് എന്നിവ കാരണമാണ് തുറമുഖം ആധുനികവത്കരിക്കുന്നത്.

ചടങ്ങിൽ കെ.വി. സുമേഷ് എംഎൽഎ അധ്യക്ഷത വഹിച്ചു. ഹാർബർ എൻജിനിയറിംഗ് വകുപ്പ് ചീഫ് എൻജിനിയർ ജോമോൻ കെ ജോർജ് റിപ്പോർട്ട് അവതരിപ്പിച്ചു.

## കൊളവള്ളി ടൂറിസം പദ്ധതി നടപ്പിലാക്കണം

**മുള്ളൻകൊല്ലി:** കർണാടക അതിർത്തിയോടു ചേർന്നുള്ള കൊളവള്ളി, സീതാമൗണ്ട്, കന്നാരംപുഴ പ്രദേശങ്ങളുടെ സമഗ്ര വികസനത്തിന് കൊളവള്ളി ടൂറിസം പദ്ധതി നടപ്പാക്കുന്നതിനു പഞ്ചായത്ത് നടപടി സ്വീകരിക്കണമെന്ന് എഴ്, എട്ട് വാർഡ് സംയുക്ത ഗ്രാമസഭായോഗം ആവശ്യപ്പെട്ടു.

കബനിയും കന്നാരംപുഴയും വനവും അതിരിടുന്ന കൊളവള്ളിയിൽ ടൂറിസത്തിന് വന്പിച്ച സാധ്യതകളുണ്ടെന്ന് ഈ രംഗത്ത് പ്രവർത്തിക്കുന്ന ഏജൻസികൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. കാർഷികത്തകർച്ച നേരിടുന്ന കൊളവള്ളിയിലെ കർഷകർക്കും തൊഴിലാളികൾക്കും ചെറുകിട വ്യാപാര സ്ഥാപനങ്ങൾക്കും ടൂറിസം പദ്ധതി മുതൽക്കൂട്ടാകുമെന്ന് ഗ്രമസഭായോഗം ചൂണ്ടിക്കാട്ടി. പഞ്ചായത്ത് പ്രസിഡൻറ് പി.കെ. വിജയൻ അധ്യക്ഷത വഹിച്ചു. വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ഷിനു കച്ചിറയിൽ, വി.എസ്. മാത്യു, ഷാജി മാപ്പനാത്ത്, പി. റോണി, ജയിംസ് മാപ്പനാത്ത്, ഷിൽജു കല്ലുംപുറത്ത്, സൗമ്യ, ലക്ഷ്മി, ഷീജ എന്നിവർ പ്രസംഗിച്ചു.

## ഫ്ളയർ പദ്ധതി ഉദ്ഘാടനം ചെയ്തു

**സുൽത്താൻബത്തേരി:** അക്കാദമിക, കലാ, കായിക, അടിസ്ഥാന സൗകര്യ മേഖലകളിൽ മികവുറ്റ പ്രകടനം നടത്താൻ നിയോജകമണ്ഡലത്തിലെ സ്കൂളുകളേയും വിദ്യാർഥികളേയും പ്രാപ്തരാക്കാൻ ഫ്ളയർ (ഫ്യൂച്ചർ ലേണിംഗ് അഡ്വാൻസ്മെൻറ് ആൻഡ് റിജുവനേഷൻ ഇൻ എഡ്യൂക്കേഷൻ) പദ്ധതി ആരംഭിച്ചു.

പദ്ധതിയും പ്രദേശിക വികസനഫണ്ടുപയോഗിച്ച് സ്കൂളുകൾക്കും ലൈബ്രറികൾക്കുമായി വാങ്ങിയ പുസ്തകങ്ങളുടെ വിതരണവും ബത്തേരി ലയൺസ് ഹാളിൽ ഐ.സി. ബാലകൃഷ്ണൻ എംഎൽഎ ഉദ്ഘാടനം ചെയ്തു. ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് സംഷാദ് മരക്കാർ അധ്യക്ഷത വഹിച്ചു.

ഫ്ളയറിൻറെ നേതൃത്വത്തിൽ ആരംഭിക്കുന്ന സിവിൽ സർവീസ് ഫൗണ്ടേഷൻ കോഴ്സിൻറെ ഉദ്ഘാടനം സബ് കളക്ടർ ആർ. ശ്രീലക്ഷ്മി നിർവഹിച്ചു. എസ്എസ്എൽസി പരീക്ഷയിൽ നൂറു ശതമാനം വിജയം നേടിയ സ്കൂളുകളെ നഗരസഭാ ചെയർമാൻ ടി.കെ. രമേശ് ആദരിച്ചു. പദ്ധതിയുടെ ഭാഗമായ പരിശീലനത്തിലൂടെ നാഷണൽ മെരിറ്റ് കം മീൻസ് സ്കോളർഷിപ്പ് കരസ്ഥമാക്കിയ കുട്ടികളെ പനമരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ഗിരിജ കൃഷ്ണൻ അനുമോദിച്ചു. 21 വിദ്യാലയങ്ങളിൽനിന്നായി പരീക്ഷയെഴുതിയ 60 വിദ്യാർഥികളെയും എൻഎംഎംഎസിൽ വിജയിപ്പിക്കാൻ കഴിഞ്ഞു. ഇതിൽ 16 പേർ സ്കോളർഷിപ്പിന് അർഹരായി. വ്യത്യസ്ത മേഖലകളിൽ മികവു പുലർത്തിയ ഡോ.കെ.എസ്. സുകന്യ, ഒളിന്പ്യൻ ജിജോ ജോർജ്, ആര്യമോൾ സന്തോഷ് എന്നിവരെ ആദരിച്ചു.

# തോളിലെ രോഗാവസ്ഥകൾ അവഗണിക്കരുത്: അസ്ഥിരോഗ വിദഗ്ധർ




**കൊച്ചി:** തോളിലെ രോഗനിർണ്ണയം അത്യാധുനിക ശസ്ത്രക്രിയാ രീതികൾ എന്നിവ പഠന വിഷയമാക്കി ഓർത്തോപീഡിക് വിദഗ്ദരുടെ അന്താരാഷ്ട്ര സമ്മേളന'ഗോഡ്സ് ഓൺ കൺട്രി ഷോൾഡർ കോഴ്സ് 2023' ഹോട്ടൽ ക്രൗൺ പ്ലാസയിൽ നടന്നു.മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് മെഡിക്കൽ കോളജിന്റെ ആഭിമുഖ്യത്തിൽ ഇന്ത്യൻ ആർത്രോസ്കോപ്പി സൊസൈറ്റി (ഐഎഎസ്), കേരള ഓർത്തോപീഡിക് അസോസിയേഷൻ (കെ ഒ എ), ഷോൾഡർ ആൻഡ് എൽബോ സൊസൈറ്റി ഓഫ് ഇന്ത്യ (എസ്ഇഎസ്ഐ), ആർത്രോസ്കോപ്പിക് സർജൻസ് ഓഫ് കേരള (എ എസ് ഐ കെ ) കൊച്ചിൻ ഓർത്തോപീഡിക് സൊസൈറ്റി ഓഫ് ഇന്ത്യ (സി ഒ എസ്) എന്നിവയുടെ പിന്തുണയോടെയാണ് സമ്മേളനം സംഘടിപ്പിച്ചത്.പ്രമുഖ ഷോൾഡർ സർജനും എസ്.ഇ.എസ്.ഐ മുൻ ദേശീയ അധ്യക്ഷനുമായ ഡോ. ആശിഷ് ബബുൽക്കർ (മഹാരാഷ്ട്ര ) സമ്മേളനം ഉദ്ഘാടനം ചെയ്തു.ഏറ്റവും ഉപയോഗിക്കപ്പെടുന്ന ശരീരഭാഗങ്ങളിൽ ഒന്നായ തോളിന് ഉണ്ടാവുന്ന പ്രശ്നങ്ങൾ ഗുരുതരമാകുന്നത് വരെ അവഗണിക്കപ്പെടുന്ന സാഹചര്യമുണ്ട്. പാരമ്പര്യം, തോളിന്റെ തെറ്റോ അമിതമോ ആയ ഉപയോഗം, അപകടം, സ്ട്രെസ് എന്നിവയാണ് പൊതുവായ രോഗകാരണങ്ങൾ,അദ്ദേഹം പറഞ്ഞു.മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് മെഡിക്കൽ കോളേജ് സ്ട്രാറ്റജിക് പ്ലാനിങ്ങ് ആന്റ് മെഡിക്കൽ സർവീസസ് ഡയറക്ടർ ഡോ. സോജൻ ഐപ്പ് അധ്യക്ഷത വഹിച്ചു. ഡോ.അറുമുഖം (മുൻ പ്രസിഡന്റ്, ഐ.എ.എസ്.), ജോയ് പി ജേക്കബ്, സി ഇ ഒ, മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് മെഡിക്കൽ കോളേജ് , ഡോ. വർഗീസ് പോൾ, ഡോ. പ്രതാപ് കുമാർ (പ്രസിഡന്റ് ,എസ്ഇഎസ്ഐ), ഡോ. ടാജൻ പി.ജെ (പ്രസിഡന്റ്, കെ.ഒ.എ.), ഡോ. ഡെന്നിസ് പി. ജോസ് (പ്രസിഡന്റ്, സി.ഒ.എസ്.), ഡോ. ഷില്ലർ ജോസ് (പ്രസിഡന്റ്, എ.എ.എസ്.കെ.), ഡോ. ബാബു ജോസഫ് (പ്രസിഡന്റ്, സെസ്ക്), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് ഓർത്തോപീഡിക്സ് മേധാവി ഡോ. സുജിത് ജോസ് എന്നിവർസംസാരിച്ചു.ഷോൾഡർ അസ്ഥിരത (സ്ഥാനചലനം, വഴുതിപ്പോകൽ, അയവുള്ളതോ തൂങ്ങിക്കിടക്കുന്നതോ, മുതലായവ), റോട്ടേറ്റർ കഫ് പരിക്കുകൾ, ഷോൾഡർ റീപ്ലേസ്മെന്റുകൾ എന്നിങ്ങനെ മൂന്ന് പ്രധാന വിഷയങ്ങളിലായി തത്സമയ ശസ്ത്രക്രിയകൾ, വർക്ക്ഷോപ്പുകൾ, പാനൽ ചർച്ചകൾ എന്നിവ ഉൾപ്പെട്ട ശാസ്ത്ര സെഷനുകളാണ് സമ്മേളനത്തിൽ നടന്നത്. ആർത്രോസ്കോപ്പിയിലെ ഏറ്റവും പുതിയ മുന്നേറ്റങ്ങൾ, ഷോൾഡർ ആർത്രോപ്ലാസ്റ്റി ടെക്നിക്കുകളിൽ (ശസ്ത്രക്രിയാ പുനർനിർമ്മാണവും മാറ്റിസ്ഥാപിക്കലും), രോഗനിർണയത്തിനും കേടുപാടുകൾ പരിഹരിക്കുന്നതിനും ഉപയോഗിക്കുന്ന നൂതന നടപടിക്രമങ്ങൾ എന്നിവ ശാസ്ത്ര സെഷനുകൾ ചർച്ച ചെയ്തു. തോളിൽ അസ്ഥിരത, റൊട്ടേറ്റർ കഫ് റിപ്പയർ എന്നിവയുടെ ചികിത്സയിലെ ഏറ്റവും പുതിയ നടപടിക്രമങ്ങളും സാങ്കേതിക വിദ്യകളും വിശദീകരിക്കുന്നതിന് ആദ്യ ദിവസം തത്സമയ ആർത്രോസ്കോപ്പിക് ശസ്ത്രക്രിയകൾ നടന്നു.ഷോൾഡർ അസ്ഥിരതയെക്കുറിച്ചുള്ള ശാസ്ത്ര സെഷനുകൾ ക്ലിനിക്കൽ പരിശോധന, ഇമേജ് റീഡിംഗ്, അത്‌ലറ്റുകൾക്കുള്ള മാനേജ്മെന്റ് പ്രോട്ടോക്കോൾ, ചികിത്സയിലെ വെല്ലുവിളികൾ, ചികിത്സാ അൽഗോരിതം എന്നിവ ചർച്ച ചെയ്തു.

# കൊച്ചിയിൽ മെഗാ മൈലേജ് ചലഞ്ച് സംഘടിപ്പിച്ച് യമഹ



**കൊച്ചി:** ഇരുചക്ര വാഹന നിർമാണ രംഗത്തെ പ്രമുഖരായ ഇന്ത്യ യമഹ മോട്ടോർ കൊച്ചിയിൽ മെഗാ മൈലേജ് ചലഞ്ച് ആക്ടിവിറ്റി സംഘടിപ്പിച്ചു. അൻപതോളം യമഹ ഉപഭോക്താക്കളാണ് കേരളത്തിലെ പ്രമുഖ യമ ഡീലർമാരായ ശ്രീ വിഘ്നേശ്വര മോട്ടോഴ്സ്, പെരിങ്ങാട്ട് മോട്ടോഴ്സ്, ഇൻഡൽ ഓട്ടോമോട്ടിവ്സ് എന്നിവരുമായി ചേർന്ന് കമ്പനി നടത്തിയ ചലഞ്ചിന്റെ ഭാഗമായത്. യമഹ ഹൈബ്രിഡ് സ്കൂട്ടറുകളുടെ, പ്രത്യേകിച്ച് ഫാസിനേ 125ന്റെ ഇന്ധനക്ഷമതയെക്കുറിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് മെഗാ മൈലേജ് ചലഞ്ച് ആക്ടിവിറ്റി സംഘടിപ്പിച്ചത്. മഗാ മൈലേജ് ചലഞ്ചിന്റെ ഭാഗമായവർക്ക് കാര്യക്ഷമമായ റൈഡിംഗ് ടെക്നിക്കുകളെക്കുറിച്ചും മുൻകൂട്ടി നിശ്ചയിച്ച റൂട്ടിനെക്കുറിച്ചും വിദഗ്ധർ ചുരുക്കവിവരം നൽകി. സിറ്റി ട്രാഫിക്, തുറന്ന റോഡുകൾ, വളവും തിരിവും നിറഞ്ഞ റോഡുകൾ എന്നിങ്ങനെ വിവിധ തരത്തിലുള്ള റൈഡിംഗ് അനുഭവം നൽകുന്ന 30 കിലോമീറ്റർ റൈഡായിരുന്നു ചലഞ്ചിന്റെ ഭാഗമായി തീരുമാനിച്ചത്. ഇത് സ്കൂട്ടറിന്റെ സസ്പെൻഷൻ, ബ്രേക്കിംഗ്, ആക്സിലറേഷൻ, പ്രാഥമിക പിക്ക്അപ്പ് എന്നിവ നേരിട്ട് വിലയിരുത്താൻ റൈഡർമാർക്ക് അവസരമൊരുക്കി. റൈഡ് പൂർത്തിയാക്കി തിരിച്ചെത്തിയ സ്കൂട്ടറുകളിൽ ആദ്യ ഇന്ധന നിലയുമായി പൊരുത്തപ്പെടുന്നതിന് ഇന്ധനം നിറച്ചു. യാത്രയ്ക്കിടെ കൈവരിച്ച മൈലേജ് കണക്കാക്കാൻ ഉപയോഗിച്ച ഇന്ധനത്തിന്റെ അളവും രേഖപ്പെടുത്തി.മെഗാ മൈലേജ് ചലഞ്ചിന്റെ ഭാഗമായവരിൽ ആദ്യ അഞ്ച് സ്ഥാനങ്ങൾ കരസ്ഥമാക്കിയവർക്ക് ട്രോഫികളും സർട്ടിഫിക്കറ്റുകളും ഗിഫ്റ്റ് കാർഡുകളും് സമ്മാനിച്ചു.

## ക്യുബെത്തോൺ 23:

# മോഡൽ എൻജിനീയറിംഗ് കോളജ് ചാമ്പ്യൻമാർ

**കൊച്ചി:** കേരളത്തിൽ നിന്നുള്ള ഏറ്റവും വലിയ വിദ്യാർത്ഥി ഹാക്കത്തോണായ ക്യുബെത്തോണിന്റെ രണ്ടാമതു പതിപ്പിൽ തൃക്കാക്കര ഗവ. മോഡൽ എൻജിനീയറിംഗ് കോളജിൽ നിന്നുള്ള ടീം 420 ജേതാക്കളായി. ഒന്നര ദശകത്തിലേറെയായി രംഗത്തുള്ള ഐടി കമ്പനിയായ ക്യുബെറ്റാണ് ഐടി കമ്പനികളുടെ വാണിജ്യസംഘടനായ നാസ്സ്കോമുമായി സഹകരിച്ച് മത്സരം നടത്തിയത്. ദിവസേനയുള്ള ചെലവുകളും മറ്റ് സാമ്പത്തിക ഇടപാടുകളും വാട്സപുപയോഗിച്ച് നിയന്ത്രിക്കാവുന്ന എഐഅധിഷ്ഠിത പ്രതിവിധി വികസിപ്പിച്ചെടുത്തതിലൂടെയാണ് മുഹമ്മദ് ജമാൽ പി, ജെഫ് പ്രകാശ്, ആനന്ദ് എ, നിയാ ഷിയാസ് എന്നിവരുൾപ്പെട്ട മോഡൽ എൻജിനീയറിംഗ് കോളേജിൽ നിന്നുള്ള ടീം ജേതാക്കളായത്.കോയമ്പത്തൂർ ശ്രീ കൃഷ്ണ കോളേജ് ഓഫ് എൻജിനീയറിംഗ് ആൻഡ് ടെക്നോളജിയിൽ നിന്നുള്ള ടീമുകളായ എ2ഇസഡ് ടെക്നോളജി, ടീം സെന്റിയെന്റ് എന്നിവർ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. ചെന്നൈയിൽ നിന്നുള്ള ശ്രീ വെങ്കിടേശ്വര പത്മാവതി കോളേജ് ഓഫ് എൻജിനീയറിംഗ്, സെന്റ് ജോസഫ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി എന്നിവിടങ്ങളിൽ നിന്നുള്ള ടീം ടൺസ് ഓഫ് ടെക്, ഹ്യൂറിസ്റ്റിക് സോളാരിസ് എന്നിവർ നാലും അഞ്ചും സ്ഥാനങ്ങളും നേടി.ജേതാക്കൾക്കുള്ള 50,000 രൂപ, രണ്ടാം സ്ഥാനം 30,000 രൂപ, മൂന്നാം സ്ഥാനം 20,000 രൂപ, നാലും അഞ്ചും സ്ഥാനക്കാർക്കുള്ള 10,000 രൂപ വീതം ഉൾപ്പെട്ട 1.20 ലക്ഷം രൂപയുടെ ക്യാഷ് അ




വാർഡുകൾ ഇൻഫോപാർക്ക് സിഇഒ സുശാന്ത് കുരുന്തിൽ സമ്മാനിച്ചു. ടെക് ഇൻഫ്ളുവെൻസർ ജോഫിൻ ജോസഫ്, നാസ്കോം പ്രതിനിധി ഷാരോൺ സെബാസ്റ്റിയൻ, ഐലീഫ് സൊലൂഷൻസ് സിഇഒ ജയ്സൺ ജോസഫ്, ക്യുബെറ്റ് സിഇഒ ലൗജിൻ ജോൺ, സിടിഒ വിപിൻ ചന്ദ്രൻ തുടങ്ങിയവർ പങ്കെടുത്തു. 10 ലക്ഷം രൂപയുടെ സീഡ് ഫണ്ടിംഗിനുള്ള വിലയിരുത്തൽ തുടർന്ന് നടക്കുമെന്ന ലൗജിൻ ജോൺ പറഞ്ഞു.ആദ്യഘട്ടത്തിൽ ലഭിച്ച 124 എൻട്രികളിൽ നിന്ന തെരഞ്ഞെടുത്ത 19 ടീമുകൾ ജൂലൈ 29ന് നടന്ന കോഡിംഗ് റൗണ്ടിൽ മത്സരിച്ചു. ഇവരിൽ ഓഗസ്റ്റ് 1 ന് അവസാന റൗണ്ടിലേയ്ക്കുള്ള അഞ്ചു ടീമുകളെ തെരഞ്ഞെടുത്തു. ശനിയാഴ്ച നടന്ന ഫൈനൽ റൗണ്ടിലാണ് വിജയികളെ തെരഞ്ഞെടുത്തത്. അടുത്ത വർഷവും ഇതേ സമയത്ത് ക്യുബെത്തോൺ 24 സംഘടിപ്പിക്കുമെന്നും ലൗജിൻ ജോൺ പറഞ്ഞു.

# ഇന്ത്യയിലെ ആദ്യ ഹൊറിസോണ്ടൽ ഇകോമേഴ്സ് കമ്പനി: നേട്ടവുമായി മീഷോ

**കൊച്ചി :** ഇന്ത്യയിൽ നിന്നു ലാഭത്തിലെത്തിയ ഏക ഇകോമേഴ്സ് കമ്പനിയെന്ന ചരിത്രപരമായ നേട്ടം കൈവരിച്ചതായി മീഷോ പ്രഖ്യാപിച്ചു. കഴിഞ്ഞ 12 മാസങ്ങളിൽ ഒരു ബില്യണിലേറെ ഓർഡറുകൾ നേടുകയും ഓർഡറുകളുടെ എണ്ണത്തിന്റെ കാര്യത്തിൽ 43 ശതമാനവും വരുമാനത്തിന്റെ കാര്യത്തിൽ 54 ശതമാനവും വളർച്ച കൈവരിക്കുകയും ചെയ്തിട്ടുണ്ട് മീഷോ സിഇഒയും സ്ഥാപകനുമായ വിദിത്ത് ആത്രേ പറഞ്ഞു. എല്ലാ ചെലവുകളും കഴിഞ്ഞ് (ഇഎസ്ഒപി അടക്കം) കൈവരിച്ച നികുതിക്കു ശേഷമുള്ള ലാഭം എന്ന നിലയിലാണ് കമ്പനി ഈ ലാഭക്ഷമത നേടിയിട്ടുള്ളത്. കമ്പനിയുടെ ഓർഡറുകളുടെ 85 ശതമാനവും വീും എത്തുന്ന ഉപഭോക്താക്കളിലൂടെയാണെന്നത് വിജയത്തിനു കൂടുതൽ തിളക്കമേകുന്നു. ഫാഷൻ ഇതര വിഭാഗത്തിൽ ഇക്കാലയളവിൽ 120 ശതമാനത്തിലേറെ വളർച്ചയുായതും ശ്രദ്ധേയമാണ്. എല്ലാ വിഭാഗങ്ങളിലും മീഷോയ്ക്ക് വളർച്ച കൈവരിക്കാനായത് സുസ്ഥിരമായ മുന്നേറ്റത്തെ കൂടിയാണു ചൂിക്കാട്ടുന്നത്.ഉപഭോക്താക്കളെ നേടിയെടുക്കുന്നതിനും വിപണനത്തിനും വേിയുള്ള ചെലവുകൾ വാർഷികാടിസ്ഥാനത്തിൽ 80 ശതമാനം കുറഞ്ഞു എന്നതുംശ്രദ്ധേയമാണ്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ഡൗൺലോഡ് ചെയ്യപ്പെട്ട ഷോപിങ് ആപും മീഷോ തന്നെയാണ്. കഴിഞ്ഞ 12 മാസങ്ങളിൽ 140 ദശലക്ഷം ഉപയോക്താക്കൾക്കാണ് സേവനം നൽകിയത്.പ്രവർത്തനമാരംഭിച്ച കാലം മുതൽ ചെറിയ ബിസിനസുകളേയും സംരംഭങ്ങളേയും ഉപഭോക്താക്കളേയും ശാക്തീകരിക്കുന്നതാണ് തങ്ങളുടെ കാഴ്ചപ്പാടെന്ന് ഇതേക്കുറിച്ചു പ്രതികരിച്ച മീഷോ സിഇഒയും സ്ഥാപകനുമായ വിദിത്ത് ആ്രേത പറഞ്ഞു. ഇകോമേഴ്സ് വിപണിയെ ജനാധിപത്യവൽക്കരിച്ചു കൊ് തങ്ങൾ സുസ്ഥിര വളർച്ച തുടരുമെന്നും അദ്ദേഹം പറഞ്ഞു.

# കൊച്ചിക്ക് മൂന്നാമതൊരു റോറോ കൂടി വരുന്നു

**കൊച്ചി :**നിവാസികളുടെ യാത്രാ ക്ലേശത്തിന് പരിഹാരമായി മൂന്നാമതൊരു റോറോ വെസ്സൽ കൂടി വരുന്നു. രണ്ടാഴ്ച മുൻപ് ചേർന്ന സ്മാർട്ട് സിറ്റി ബോർഡ് മീറ്റിംഗിൽ മൂന്നാമത്തെ റോറോ നിർമ്മാണത്തിനായി 10 കോടി രൂപ അനുവദിച്ചു. കൊച്ചിൻ ഷിപ്പ്യാർഡിനെയാണ് നിർമ്മാണ ചുമതലയേൽപ്പിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. ഇതിനായി 5 കോടി രൂപ അഡ്വാൻസായി കൊച്ചിൻ ഷിപ്യാർഡിന് കൈമാനുവാനും കൊച്ചി നഗരസഭയെ കൂടാതെ സി.എസ്.എം.എൽ., കൊച്ചിൻ ഷിപ്യാർഡ് എന്നിവരുൾപ്പെടുന്ന ത്രികക്ഷി കരാറിലേർപ്പെടുന്നതിനും തീരുമാനമായി.15 കോടി രൂപയാണ് റോറോ വെസൽ നിർമ്മാണത്തിന് ചെലവ് വരുമെന്ന് ഷിപ്യാർഡ് അറിയിച്ചിട്ടുള്ളത്. കഴിഞ്ഞ മാസം ഡൽഹി സന്ദർശന വേളയിൽ കേന്ദ്ര നഗരകാര്യ മന്ത്രാലയ സെക്രട്ടറിയെ കണ്ട് മേയർ സ്ഥിതിഗതികൾ ധരിപ്പിച്ചിരുന്നു. തുടർന്ന് കഴിഞ്ഞ ചീഫ് സെക്രട്ടറി അദ്ദേഹത്തിൻറെ ഔദ്യോഗിക ജീവിതത്തിൻറെ അവസാന ദിവസം പങ്കെടുത്ത സ്മാർട്ട്സിറ്റി ബോർഡ് മീറ്റിംഗിലാണ് പുതിയ റോറോ വെസലിനായി തുക അനുവദിക്കുന്നതുൾപ്പെടെയുള്ള തീരുമാനങ്ങളെടുത്തത്. നേരത്തെ സംസ്ഥാന സർക്കാരും മേയറുടെ അഭ്യർത്ഥന മാനിച്ച് റോറോ വെസൽ നിർമ്മാണത്തിനായി 10 കോടി രൂപ ബജറ്റിൽ നീക്കിവച്ചുവെങ്കിലും ജലഗതാഗത വകുപ്പിനാണ് ബജറ്റ് വിഹിതം അനുവദിച്ചത്.അതിനാലാണ് മൂന്നാമത്തെ റോറോ വെസൽ നിർമ്മാണത്തിനായി സ്മാർട്ട് സിറ്റി ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിനുള്ള പരിശ്രമം നഗരസഭ നടത്തിയത്. നിർമ്മാണ ചുമതല ഏൽപ്പിക്കുന്നതിന് പൊതുമേഖലാ സ്ഥാപനമായ കൊച്ചിൻ ഷിപ്യാർഡിനെ തന്നെ ഏകകണ്ഠമായി ബോർഡ് യോഗം തീരുമാനിക്കുകയായിരുന്നു. എങ്കിലും നിർമ്മാണ ചെലവ് കുറയ്ക്കുന്നതുമായി ബന്ധപ്പെട്ട് ഷിപ് യാർഡുമായി വീണ്ടും ചർച്ച നടത്തും. കൂടുതലായി വരുന്ന പണം നഗരസഭ കണ്ടെത്തുകയോ മറ്റ് സാദ്ധ്യതകൾ തേടുകയോ ചെയ്യും. നിർമ്മാണത്തിനായി ഒരു വർഷമെങ്കിലും സമയമെടുക്കുമെന്നാണ് കണക്കാക്കുന്നത്. 2024ൽ തന്നെ മൂന്നാമത്തെ റോറോ നീറ്റിലിറക്കുവാനാണ് നഗരസഭ ലക്ഷ്യം വയ്ക്കുന്നത്.കപ്പൽ ചാലായതിനാൽ 5 മിനിറ്റിൻറെ ഇടവേളയിൽ ഒരേ സമയം രണ്ട് റോറോ വെസലുകൾക്ക് മാത്രമാണ് വൈപ്പിൻ ഫോർട്ട് കൊച്ചി റൂട്ടിൽ സർവ്വീസ് നടത്തുവാൻ സാധിക്കുക. നിലവിൽ ഒരു റോറോ വെസ്സൽ അറ്റകുറ്റപ്പണിക്കായി മാറ്റിയിടുമ്പോഴാണ് ഈ ഭാഗത്ത് യാത്രാ ക്ലേശവും അനുഭവപ്പെടുന്നത്. അതിനാൽ അത്തരം സാഹചര്യത്തിലാണ് മൂന്നാമത്തെ റോറോ പ്രയോജനപ്പെടുത്തുവാൻ സാധിക്കുക. ഇപ്പോൾ നിർമ്മിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള വെസലിന് പുറമേ കൊച്ചിക്ക് വേണ്ടി സംസ്ഥാന സർക്കാർ അനുവദിച്ച തുകയ്ക്ക് ഭാവിയിൽ ജലഗതാഗത വകുപ്പ് നിർമ്മിക്കുന്ന റോറോ വെസ്സലും അത്യാവശ്യ സാഹചര്യത്തിൽ ലഭ്യമാക്കുവാനുള്ള പരിശ്രമവും തുടരും. ആയതിലേക്കായി ഫോർട്ട് കൊച്ചി വൈപ്പിൻ ജെട്ടികളിൽ അടുപ്പിക്കുവാൻ കഴിയുന്ന വിധത്തിലുള്ള ഡിസൈനിൽ ഈ റോറോ വെസലുകളുടെ നിർമ്മാണം ഉറപ്പാക്കുവാൻ ട്രാൻസ്പോർട്ട് മന്ത്രിയുമായി ചർച്ച നടത്തും. നിലവിൽ റോറോ സർവ്വീസ് നടത്തുവാൻ നഗരസഭ ഏൽപ്പിച്ചിട്ടുള്ള കെ.എസ്.ഐ.എൻ.സി. യുടെ മാനേജിംഗ് ഡയറക്ടറുമായി സർവ്വീസ് നടത്തിപ്പുമായി ബന്ധപ്പെട്ട് നഗരസഭ ചർച്ച നടത്തും. ഭാവിയിൽ സർവ്വീസ് നടത്തിപ്പിനായുള്ള സ്പെഷ്യൽ പർപസ് വെഹിക്കിൾ രൂപീകരിക്കുന്നതിനുള്ള നടപടികളുമായി നഗരസഭ മുന്നോട്ട് പോകും.

# ’ഇന്ത്യയെ അറിയുക’ ഇന്ന് തുടക്കം

**കൊച്ചി:** കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെ ഇന്ത്യയെ അറിയുക (ഗ്രീം കിറശമ ജ്യീഴ്യമാലഗകജ) പരിപാടിയുടെ 66 മത് എഡിഷന് ഇന്ന് തുടക്കമാകും. പരിപാടിയുടെ ഭാഗമായി വിദേശരാജ്യങ്ങളിലെ ഇന്ത്യൻ വംശജരായ പ്രവാസി യുവാക്കളും വിദ്യാർത്ഥികളും ഇന്നു മുതൽ 13 വരെ കേരളം സന്ദർശിക്കും.
സംസ്ഥാന സർക്കാരിനു വേണ്ടി നോർക്ക റൂട്ട്സിന്റെ നേതൃത്തിലാണ് സന്ദർശന പരിപാടി ആസൂത്രണം ചെയ്തിട്ടുള്ളത്. ആഗസ്റ്റ് 6 ന് വൈകിട്ട് കൊച്ചി വിമാനത്താവളത്തിലെത്തുന്ന സംഘം ഇന്നു മുതൽ എറണാകുളം, തൃശ്ശൂർ, കോട്ടയം, ആലപ്പുഴ ജില്ലകളിലാണ് സന്ദർശനം നടത്തുക. ഫിജി, ഗയാന, മലേഷ്യ, ഫ്രാൻസ്, ഇസ്രായേൽ, സൗത്ത് ആഫ്രിക്ക, ജമൈക്ക, കെനിയ, മൗറീഷ്യസ്, മ്യാൻമാർ,ന്യൂസിലാന്റ്, സറിനെയിം, ട്രിനിഡാഡ് ആന്റ് ടുബാഗോ, സിംബാംബേ, ബെൽജിയം, ന്യൂസിലാന്റ് തുടങ്ങിയ വിവിധ രാജ്യങ്ങളിൽ നിന്നുള്ള അറുപതോളം യുവതീയുവാക്കളാണ് കേരളത്തിലെത്തുന്നത്.കേന്ദ്ര വിദേശകാര്യ മന്ത്രാലയ പ്രതിനിധികൾ, സംസ്ഥാന സർക്കാർ/നോർക്ക റൂട്ട്സ് പ്രതിനിധികൾ എന്നിവർ യാത്രയെ അനുഗമിയ്ക്കും. ഇന്ത്യൻ വംശജരായ പ്രവാസി യുവാക്കൾക്കും വിദ്യാർത്ഥികൾമായി നടത്തുന്ന മൂന്നാഴ്ചത്തെ ഓറിയന്റേഷൻ പ്രോഗ്രാമാണ് നോ ഇന്ത്യാ പ്രോഗ്രാം(ഗകജ).ഇതിന്റെ കേരളത്തിലെപരിപാടിയ്ക്കാണ് നാളെ ആരംഭമാകുന്നത്. ഇന്ത്യയിലെ ജീവിതത്തിന്റെ വിവിധ മുഖങ്ങളെയും വിവിധ മേഖലകളിൽ രാജ്യം കൈവരിച്ച പുരോഗതിയെയും കുറിച്ചുള്ള അവബോധം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് യാത്ര സംഘടിപ്പിക്കുന്നത്. സാമ്പത്തികം, വ്യാവസായികം, വിദ്യാഭ്യാസം, ശാസ്ത്രം & സാങ്കേതികവിദ്യ, ആശയവിനിമയം & വിവര സാങ്കേതിക വിദ്യ എന്നീ രംഗങ്ങളിൽ രാജ്യം കൈവരിച്ച പുരോഗതി പ്രവാസി യുവാക്കൾ യാത്രയിലൂടെ നേരിട്ടറിയും. ഇന്ത്യൻ വംശജരായ വിദ്യാർത്ഥികൾക്കും യുവ പ്രൊഫഷണലുകൾക്കും ഇന്ത്യ സന്ദർശിക്കാനും അവരുടെ കാഴ്ചപ്പാടുകളും പ്രതീക്ഷകളും അനുഭവങ്ങളും പങ്കുവെക്കാനും സമകാലിക ഇന്ത്യയുമായി അടുത്ത ബന്ധം വളർത്തിയെടുക്കാനും പരിപാടി അവസരമൊരുക്കും.കൊച്ചിൻ ഷിപ്പ്യാഡ് , വാട്ടർ മെട്രോ,മുസിരിസ് പ്രദേശങ്ങൾ, കലാമണ്ഡലം,കുമരകം ബേർഡ് സാങ്ചറി തുടങ്ങിയവയുംമറ്റ് സാമൂഹിക രഷ്ട്രീയ പ്രാധാന്യമുള്ള സ്ഥലങ്ങളും സന്ദർശനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. യാത്രാ സംഘത്തിനായി ചിന്മയ വിശ്വവിദ്യാപീഠം യൂണിവേഴ്സിറ്റിൽ ഓണാഘോഷ പരിപാടി സംഘടിപ്പിക്കുന്നുണ്ട്. ആലപ്പുഴയിൽ 12 ന് നടക്കുന്ന നെഹ്റു ട്രോഫി വള്ളം കളിയും ആസ്വദിച്ച ശേഷം സംഘം 13 ന് വൈകിട്ട് കൊച്ചി വിമാനത്താവളത്തിൽ നിന്നും തിരികെ ഡൽഹിയിലേയ്ക്ക് തിരിക്കും.

## വൈപ്പിനിലെ ബസ് സ്റ്റോപ്പുകൾ പുനർനിർണയം നടത്താൻ നടപടി സ്വീകരിക്കണം

**കൊച്ചി:** വൈപ്പിൻ മേഖലകളിലെ ബസ് സ്റ്റോപ്പുകൾ പുനർനിർണയം നടത്താൻ നടപടി സ്വീകരിക്കണമെന്ന് കൊച്ചി താലൂക്ക് വികസന സമിതി. ഓഗസ്റ്റ് മാസത്തെ അവലോകനയോഗത്തിലാണ് നിർദേശം. മൂന്നാമത്തെ റോറോ സർവീസ് അനുവദിച്ച കൊച്ചിൻ കോർപ്പറേഷന് യോഗം അഭിനന്ദനങ്ങൾ അറിയിച്ചു.കൊച്ചി താലൂക്ക് ഓഫീസ് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ വികസന സമിതി അംഗം കെ.കെ വേലായുധൻ അധ്യക്ഷത വഹിച്ചു. കൊച്ചി തഹസിൽദാർ സുനിത ജേക്കബ്, വികസന സമിതി അംഗങ്ങളായ ഭാസ്കരൻ മാലിപ്പുറം, പി.പി തങ്കച്ചൻ, ആന്റണി അറക്കൽ, കെ.കെ ജയന്തൻ, കെ.പി മനോജ്, കെ.എം റിയാദ്, എം.എച്ച് അസീസ്, കെ.കെ ഹംസ കോയ, മിനി രാജു, ജനപ്രതിനിധികൾ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ, രാഷ്ട്രീയപാർട്ടി പ്രതിനിധികൾ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

## അൾട്ടിഗ്രീൻ ആക്സിസ് ബാങ്കുമായി കൈകോർക്കുന്നു

**കൊച്ചി:** ഇന്ത്യയിലെ മുൻനിര വാണിജ്യ ഇലക്ട്രിക് വാഹന നിർമാതാക്കളായ അൾട്ടിഗ്രീൻ ഉപയോക്താക്കൾക്ക് കസ്റ്റമൈസ്ഡ് റീട്ടെയിൽ സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുന്നതിന് ഇന്ത്യയിലെ ഏറ്റവും വലിയ സ്വകാര്യമേഖലാ ബാങ്കുകളിലൊന്നായ ആക്സിസ് ബാങ്കുമായി കൈകോർക്കുന്നു. വാഹനം വാങ്ങൽ പ്രക്രിയ കൂടുതൽ കാര്യക്ഷമവും ലളിതവുമാക്കുകയും വൈദ്യുത വാഹനത്തിലേക്കുള്ള മാറ്റത്തിന് ഉപയോക്താക്കളെ ശാക്തീകരിക്കുകയുമാണ് ഇതിലൂടെ കമ്പനി ലക്ഷ്യമിടുന്നത്. ആക്സിസ് ബാങ്കിന്റെ വിപുലമായ സാമ്പത്തിക സേവനങ്ങൾ ഇനി ഇന്ത്യയിലെമ്പാടുമുള്ള അൾട്ടിഗ്രീൻ ഉപയോക്താക്കൾക്ക് ലഭ്യമാകുമെന്ന് അൾട്ടിഗ്രീൻ സിഎഫ്ഒ ശാലേന്ദ്ര ഗുപ്ത പറഞ്ഞു.ഈ പങ്കാളിത്തത്തിലൂടെ അൾട്ടിഗ്രീനിൻറെ ഉപയോക്താക്കൾക്ക് ഇന്ത്യയിലെ ഏറ്റവും വലിയ ബാങ്കുകളിലൊന്നിൽ നിന്ന് സുരക്ഷിതമായ സാമ്പത്തിക സേവനങ്ങളും സേവനങ്ങളും ലഭ്യമാകുമെന്നും കമ്പനിയുടെ മികച്ച വിൽപ്പനാനന്തര സേവനവും ബാങ്കിൻറെ മികവുറ്റ സാമ്പത്തിക സേവനവും ചേർത്ത് ഉപയോക്താക്കൾക്ക് തുടർന്നും ഏറ്റവും മികച്ച പിന്തുണയും സേവനവും നൽകുമെന്നും ശാലേന്ദ്ര ഗുപ്ത പറഞ്ഞു.ഇലക്ട്രിക് വാഹന വായ്പാ ബാങ്ക് എന്നും മുൻഗണന നൽകുന്ന മേഖലയാണെന്നും ഈ പങ്കാളിത്തത്തിലൂടെ ഇഎസ്ജി പ്രതിബദ്ധതകളിലേക്ക് ബാങ്ക് ഒരുപടികൂടി അടുത്തിരിക്കുകയാണെന്നും ആക്സിസ് ബാങ്ക് ഗ്രൂപ്പ് എക്സിക്യൂട്ടീവും റീട്ടെയിൽ ബാങ്കിങ് മേധാവിയുമായ സുമിത് ബാലി പറഞ്ഞു.

## പ്രു പ്രൊട്ടക്ട് എൻ ഗെയിൻ അവതരിപ്പിച്ചു

**തിരുവനന്തപുരം:** ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് സമഗ്ര ലൈഫ് പരിരക്ഷ നൽകുന്നതും അപകട മരണത്തിനും അപകടത്തിലൂടെയുള്ള സ്ഥിരം വൈകല്യങ്ങൾക്കുമെതിരെ പരിരക്ഷ നൽകുന്നതുമായ നവീന പദ്ധതിയായ ഐസിഐസിഐ പ്രു പ്രൊട്ടക്ട് എൻ ഗെയിൻ പുറത്തിറക്കി. വാർഷിക പ്രീമിയത്തിന്റെ 100 ശതമാനം വരെ പരിരക്ഷ നൽകുന്ന പദ്ധതിയാണിത്. ഓഹരി, കടപത്ര വിഭാഗങ്ങളിലായുള്ള 18 വിഭാഗങ്ങളിൽ നിന്നു തിരഞ്ഞെടുപ്പു നടത്തി വരുമാനം വർധിപ്പിക്കാനുള്ള അവസരവും ഇത് ഉപഭോക്താക്കൾക്കു നൽകുന്നു. പോളിസി കാലയളവിൽ കുടുംബത്തിനു സമ്പൂർണ സാമ്പത്തിക പരിരക്ഷയും, കാലാവധിക്കു ശേഷം ഉപഭോക്താവിന് ഗണ്യമായ ഒറ്റത്തുകയും നൽകും. 45 വയസിനു താഴെയുള്ള ഉപഭോക്താക്കൾ വൈദ്യ പരിശോധന ആവശ്യമില്ല.

## വിപിഎസ് ലേക്ഷോർ ദേശീയ കിഡ്നി ട്രാൻസ്പ്ലാന്റ് അപ്ഡേറ്റ് സംഘടിപ്പിച്ചു




**കൊച്ചി:**അഞ്ചാമത് ദേശീയ കിഡ്നി ട്രാൻസ്പ്ലാന്റ് അപ്ഡേറ്റ് സെമിനാർ വിപിഎസ് ലേക്ഷോറും അസോസിയേഷൻ ഓഫ് കൊച്ചിൻ നെഫ്രോളജിസ്റ്റ്സും സംയുക്തമായി സംഘടിപ്പിച്ചു. വിപിഎസ് ലേക്ഷോർ മാനേജിങ് ഡയറക്ടർ എസ്. കെ. അബ്ദുള്ള തിരിതെളിച്ച് ഉദ്ഘാടനം ചെയ്തു. പാലാരിവട്ടം ഹോളിഡേ ഇൻ ഹോട്ടലിൽ വച്ച് നടക്കുന്ന ദ്വിദിന സെമിനാർ ഓഗസ്റ്റ് 6ന് സമാപിക്കും. പ്രമുഖ നെഫ്രോളജിസ്റ്റും ഇന്ത്യൻ സൊസൈറ്റി ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റ് പ്രസിഡന്റുമായ ഡോ ജോർജി എബ്രഹാം കിഡ്നി സ്വീകർത്താക്കളിലെ പോഷകാഹാരകുറവിനെക്കുറിച്ചു വിശദീകരിച്ചു. സെമിനാറിൽ കിഡ്നി രോഗങ്ങൾക്കുള്ള നൂതന ചികിത്സാ സംവിധാനങ്ങൾ, കിഡ്നിമാറ്റ ശസ്ത്രക്രിയയ്ക്ക് ശേഷമുള്ള പ്രമേഹം എന്നിങ്ങനെയുള്ള വിവിധ വിഷയങ്ങളെക്കുറിച്ച് ദേശീയ തലത്തിലുള്ള വിദഗ്ധർ പഠനങ്ങൾ അവതരിപ്പിച്ചു.

# മാതൃ ശിശു സൗഹൃദ ആശുപത്രി :അംഗീകാരം സ്വന്തമാക്കി കൊച്ചി ആസ്റ്റർ മെഡ്സിറ്റി



**കൊച്ചി:** പ്രസവം നടക്കുന്ന ആശുപത്രികളിൽ സർക്കാർ നടപ്പിലാക്കുന്ന മാതൃ ശിശു സൗഹൃദ ആശുപത്രി സംരംഭങ്ങൾക്കുള്ള (എംബിഎഫ്എച്ച്ഐ) അംഗീകാരം സ്വന്തമാക്കി കൊച്ചി ആസ്റ്റർ മെഡ്സിറ്റി. മുലയൂട്ടൽ വാരാചരണത്തിന്റെ സംസ്ഥാന തല ഉദ്ഘാടന ചടങ്ങിൽ മന്ത്രി വീണാ ജോർജാണ് അക്രഡിറ്റേഷൻ സർട്ടിഫിക്കറ്റ് വിതരണം ചെയ്തത്. ആസ്റ്റർ മെഡ്സിറ്റി ഓപ്പറേഷൻസ് വിഭാഗം മേധാവി ജയേഷ് വി നായരും പീഡിയാട്രിക് കോഓർഡിനേറ്റർ എം.എസ് സനീഷും ചേർന്നായിരുന്നു അവാർഡ് ഏറ്റുവാങ്ങിയത്.അമ്മക്കും കുഞ്ഞിനും ഗുണനിലവാരം ഉറപ്പുവരുത്തി സൗഹാർദ്ദ പരമായ ആരോഗ്യപരിരക്ഷ ഉറപ്പാക്കുന്നതിനും മുലയൂട്ടൽ പ്രോത്സാഹിപ്പിക്കുന്നതിനുമായാണ് ദേശീയ ആരോഗ്യ മിഷനുമായി ചേർന്ന് സംസ്ഥാന സർക്കാർ എംബിഎഫ്എച്ച്ഐ അക്രിഡിറ്റേഷൻ ഏർപ്പെടുത്തിയത്. സർക്കാരിനും ദേശീയ ആരോഗ്യ മിഷനും പുറമേ ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സ്, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ്, നാഷണൽ നിയോനെറ്റോളജി ഫോറം സംഘടനകളും ചേർന്ന് നടത്തിയ പരിശോധനക്ക് ശേഷമാണ് അംഗീകാരം ലഭിച്ചത്. യൂണിസെഫിന്റെയും ലോകാരോഗ്യ സംഘടനയുടെയും 10 മാനദണ്ഡങ്ങൾ ഉൾപ്പെടെ 130 ചെക്ക് പോയിന്റുകൾ അടിസ്ഥാനമാക്കി നടത്തുന്ന പരിശോധനകൾക്ക് ശേഷമാണ് അക്രഡിറ്റേഷൻ സർട്ടിഫിക്കറ്റ് നൽകുന്നത്. ഉയർന്ന പോയിന്റ് സ്വന്തമാക്കിയായിരുന്നു നേട്ടം കരസ്ഥമാക്കിയത്.മാതൃ ശിശു സൗഹൃദമാക്കുന്നതിനായി പ്രത്യേക കമ്മിറ്റി രൂപീകരിച്ച് ബ്രസ്റ്റ് ഫീഡിംഗ് പോളിസി തയ്യാറാക്കിയായിരുന്നു ആസ്റ്റർ മെഡ്സിറ്റിയുടെ പ്രവർത്തനങ്ങൾ. മുലയൂട്ടലുമായി ബന്ധപ്പെട്ട് മുഴുവൻ സമയ കൗൺസിലറുടെ സേവനം ഉറപ്പു വരുത്തി. എല്ലാ ഗർഭിണികൾക്കും ഗർഭകാലത്തും കുഞ്ഞ് ജനിച്ച ശേഷവും മുലയൂട്ടലുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് ഇവർ മറുപടി നൽകും. മുലയൂട്ടുന്ന അമ്മമാർക്ക് സഹായകമായി ആസ്റ്റർ ബ്രെസ്റ്റ് ഫീഡിംഗ് സപ്പോർട്ട് ഗ്രൂപ്പുകളും പ്രവർത്തിക്കുന്നുണ്ട്. മുലയൂട്ടലുമായി ബന്ധപ്പെട്ട ആശങ്കകൾ പരിഹരിക്കാനും അനുഭവങ്ങൾ പങ്കുവെക്കാനുമുള്ള അവസരമാണിത്. ജീവനക്കാർക്കും മുലയൂട്ടലുമായി ബന്ധപ്പെട്ട് പതിവായി ബോധവൽക്കരണ ക്ലാസുകളും നൽകുന്നുണ്ട്. ഇതിന് പുറമേ നിയോനാറ്റോളജിസ്റ്റുകൾ, ശിശുരോഗ വിദഗ്ധർ, പ്രസവ ചികിത്സ വിദഗ്ധർ, മറ്റ് വിദഗ്ധർ, സ്റ്റാഫ് നഴ്സുമാർ തുടങ്ങിയവരുടെ സേവനങ്ങളും ഉറപ്പു വരുത്തിയിട്ടുണ്ട്.

മീഡിയ അക്കാദമി:

## പി ജി ഡിപ്ലോമ കോഴ്സുകൾക്ക് ഇന്ന് തുടക്കം

**തിരുവനന്തപുരം:** സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള മാധ്യമ പഠന സ്ഥാപനമായ കേരള മീഡിയ അക്കാദമിയിലെ പി ജി ഡിപ്ലോമ കോഴ്സുകൾ ഇന്ന് ആരംഭിക്കും. ഭാഷാ പണ്ഡിതയും എഴുത്തച്ഛൻ പുരസ്കാര ജേതാവുമായ ഡോ. എം. ലീലാവതി വിദ്യാർത്ഥികൾക്ക് അനുഗ്രഹ സന്ദേശം നൽകും. പ്രശസ്ത അന്വേഷണാത്മക മാധ്യമ പ്രവർത്തകൻ ജോസി ജോസഫ് കോഴ്സുകളുടെ ഉദ്ഘാടനം നിർവഹിക്കും. 24 ന്യൂസ് ചീഫ് എഡിറ്ററും സിഇഒയുമായ ആർ. ശ്രീകണ്ഠൻ നായർ ഉദ്ഘാടന ചടങ്ങിലെ മുഖ്യാതിഥിയും അക്കാദമി ചെയർമാൻ ആർ.എസ്. ബാബു അധ്യക്ഷനുമായിരിക്കും. മാധ്യമ പ്രവർത്തകൻ ഡെൻസിൽ ആന്റണി, അക്കാദമി വൈസ് ചെയർമാൻ ഇ.എസ്. സുഭാഷ്, ജനറൽ കൗൺസിൽ അംഗം സ്മിത ഹരിദാസ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്യൂണിക്കേഷൻ ഡയറക്ടർ കെ. രാജഗോപാൽ, പബ്ലിക് റിലേഷൻസ് ആൻഡ് അഡ്വർടൈസിംഗ് ലക്ചറർ വിനീത വി.ജെ, ടെലിവിഷൻ ജേണലിസം കോഴ്സ് കോർഡിനേറ്റർ സജീഷ് ബി നായർ എന്നിവർ ആശംസാ പ്രസംഗം നടത്തും. അക്കാദമി സെക്രട്ടറി കെ.ജി. സന്തോഷ് സ്വാഗതവും അസി. സെക്രട്ടറി പി.കെ. വേലായുധൻ നന്ദിയും പറയും.

# ബൈ മോർ, സേവ് മോർ ഓഫറുമായി മിയ ബൈ തനിഷ്ക്



**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും ഫാഷനബിൽ ജുവല്ലറി ബ്രാൻഡുകളിലൊന്നായ മിയ ബൈ തനിഷ്ക് ആകർഷകമായ ആനുകൂല്യങ്ങൾ നൽകുന്ന ബൈ മോർ സേവ് മോർ ഓഫർ പ്രഖ്യാപിച്ചു. മിയയുടെ എല്ലാ സ്റ്റഡഡ് ഉത്പന്നങ്ങൾക്കും ബൈ മോർ സേവ് മോർ ഓഫർ ലഭ്യമാക്കിയിട്ടുണ്ട്.എല്ലാ രണ്ടാമത്തെ പർചേസ് മുതൽ പ്രാഥമിക ഇളവിനു പുറമെ അധിക ഇളവും നൽകുന്നതാണ് ബൈ മോർ സേവ് മോർ ഓഫർ. ഓഫർ കാലയളവിൽ മിയയുടെ എല്ലാ സ്റ്റഡഡ് ഉത്പന്നങ്ങൾക്കും 20 ശതമാനം വരെ പ്രാഥമിക ഇളവു ലഭിക്കും. മിയ ബൈ തനിഷ്കിൻറെ എല്ലാ സ്റ്റോറുകളിലും സെപ്റ്റംബർ നാലു വരെ ഈ ഓഫർ ലഭ്യമാണെന്ന് അധികൃതർ വ്യക്തമാക്കി.ഏതു സ്റ്റൈലിനും ഇണങ്ങും വിധത്തിലുള്ള മിനിമലിസ്റ്റിക് ഡെയൻറി ആഭരണങ്ങളുടെ സുന്ദരമായ ശ്രേണിയാണ് മിയ ബൈ തനിഷ്ക് ശേഖരത്തിലുള്ളത്. ബൈ മോർ സേവ് മോർ ആനുകൂല്യങ്ങളുടെ പിൻബലത്തിൽ കമ്മലുകൾ, മോതിരങ്ങൾ, ബ്രെയ്സ് ലെറ്റുകൾ, ഇയർ റിങ്ങുകൾ, പെൻഡൻറുകൾ തുടങ്ങി വിപുലമായ ആഭരണങ്ങളുടെ അതുല്യമായ ട്രെൻഡി ഡിസൈനുകൾ തെരഞ്ഞെടുക്കാം.ആകർഷകമായ കളർ സ്റ്റോണുകൾ, ഡാസ്സ്ലിങ് ഗോൾഡ്, സ്പാർക്ക്ലിങ് ഡയമണ്ട്, ഷൈനിങ് സിൽവർ തുടങ്ങി മിയയുടെ ഏറ്റവും കുലീനമായ ശ്രേണിയിൽ നിന്ന് വാങ്ങുന്നതിനൊപ്പം പണം ലാഭിക്കുകയും ചെയ്യാനാകും.മികച്ച തോന്നൽ ഉളവാക്കാൻ ഭംഗിയുള്ളതായിരിക്കുക എന്നതിലാണ് മിയ വിശ്വസിക്കുന്നത്. ഏറ്റവും മികച്ച ആഭരണങ്ങളുടെ ലോകത്തിലേക്ക് ആഴ്ന്നിറങ്ങുകയും ജീവിതത്തിലെ പ്രത്യേക അവസരങ്ങൾക്കായുള്ള ഏറ്റവും അനുയോജ്യമായ ആഭരണങ്ങൾ കണ്ടെത്തുകയും ചെയ്യുന്നതിനുള്ള മികച്ച അവസരമാണ് ബൈ മോർ സേവ് മോർ ഓഫറിലൂടെ ലഭിക്കുന്നത്.

